PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY
SECOND SESSION—1952

Tuesday, the 22nd July, 1952.

Vol. VI — **OFFICIAL REPORT** — **No. 19**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 22nd July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മദ്യനിരോധനം.

* ൯൦൯. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇവിടെ മദ്യനിരോധനം ഏർപ്പെടുത്തിയതു് എന്നു്?

(ബി) എത്ര താലൂക്കുകളിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടു്?

(സി) മദ്യനിരോധനമേഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കാതിരിക്കാൻ തുടങ്ങിയിട്ടു് എത്ര കാലമായി?

(ഡി) ൧൧൨൮-൧൨൯-ൽ ഏതെങ്കിലും താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ): (എ) ൧൧൨൧ മുതൽ പല കൊല്ലങ്ങളിലായി പല താലൂക്കുകളിലും ഏർപ്പെടുത്തിയിട്ടുണ്ടു്.

(ബി) ൧൩ താലൂക്കുകളിൽ.

(സി) മദ്യനിരോധനമേഖലയുടെ വ്യാപ്തി ഇന്നത്തെ നിലയിൽ വർദ്ധിപ്പിച്ചതു് ൧൧൨൧-൧൧൨൦-ലാണു്. അതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) ഉദ്ദേശിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു് മദ്യനിരോധനംമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനല്ലേ?

ശ്രീ. വി. മാധവൻ: അതിനുമാത്രം ആയിരിക്കയില്ല.

ശ്രീ. ആർ. ഗംഗാധരൻ: സെയിൽസ്ടാക്സ് ഏർപ്പെടുത്തണമെന്ന് ആദ്യമായി ആവശ്യപ്പെട്ട അവസരത്തിൽ അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി മദ്യനിരോധനംമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണെന്നു് ഈ സഭയിൽ പ്രസംഗിച്ചിട്ടില്ലേ?

ശ്രീ വി മാധവൻ: സെയിൽസ്ടാക്സ് ഏർപ്പെടുത്തുന്നതിന് ഈ വിഷയംകൂടി ഒരു കാരണമായിരിക്കും.

ശ്രീ. ആർ. ഗംഗാധരൻ: എത്ര വർഷംകൊണ്ടു് മദ്യനിരോധനം പൂർത്തിയാക്കാൻ കഴിയുമെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അതിപ്പോൾ ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല. മദ്യനിരോധനം രാജ്യവ്യാപകമായി നടപ്പിൽ വരുത്തണമെന്നാണു ഗവൺമെൻറുദ്ദേശിക്കുന്നതു്. എന്നാൽ അതു് പടിപ്പടിയായിട്ടല്ലാതെ ഒരുമിച്ചു നടപ്പിൽവരുത്തണമെന്നുദ്ദേശിച്ചിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: എത്ര വർഷംകൊണ്ടു് നടപ്പിൽ വരുത്താമെന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. വി. മാധവൻ: എത്ര വർഷംകൊണ്ടു നടപ്പിൽ വരുത്തണമെന്നു നിശ്ചയിച്ചിട്ടില്ല.

ശ്രീ. പി. വി. അവിരാത്തരകൻ: മദ്യനിരോധനമേഖലകളിൽ രോഗികൾക്കു് മരുന്നിൻെറ ആവശ്യത്തിലേയ്ക്കു് മദ്യം കൊടുക്കുന്നതിനു വ്യവസ്ഥയുണ്ടോ?

ശ്രീ. വി. മാധവൻ: മെഡിക്കൽ സർട്ടിഫിക്കററു് അനുസരിച്ചു കൊടുക്കുന്നതിനു വ്യവസ്ഥയുണ്ടു്.

ശ്രീ. പി. വി അവിരാത്തരകൻ: അങ്ങനെ മദ്യനിരോധനമേഖലകളിൽ മദ്യം വിൽക്കുന്നതിന് ഫാറിൻലിക്കർ കച്ചവടക്കാർക്കു് ലൈസൻസ് കൊടുത്തിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ കച്ചവടം ചെയ്യുന്നതിനു ലൈസൻസ് കൊടുത്തിട്ടില്ല.

ശ്രീ. പി. വി. അവിരാത്തരകൻ: മദ്യനിരോധനമേഖലയിലുള്ള രോഗികൾ പിന്നെ എവിടെനിന്നു മദ്യം വാങ്ങിക്കും?

ശ്രീ. വി. മാധവൻ: മെഡിക്കൽസർട്ടിഫിക്കററുള്ളവർ മദ്യനിരോധനമേഖലകളല്ലാത്ത സ്ഥലങ്ങളിൽ നിന്നും വാങ്ങിക്കും.

ശ്രീ. കെ. ജെ തോമസ്: മദ്യനിരോധനമേഖലകളല്ലാത്തിടത്തു് കൂടുതൽ ഷാപ്പുകൾ അനുവദിക്കുന്നതാണോ ഗവൺമെൻറിൻെറ നയം?

ശ്രീ. വി. മാധവൻ: അങ്ങനെയല്ല.

ശ്രീ. കെ. ജെ. തോമസ്: ഇപ്പോഴും മദ്യനിരോധനമേഖലകളിലും ത്തിടത്തു് ഉപഷാപ്പുകൾ ധാരാളം അനുവദിക്കുന്നതായി അറിയാമോ?

ശ്രീ. വി മാധവൻ: അങ്ങനെ അനുവദിച്ചിട്ടില്ല.

ശ്രീ. കെ. ജെ. തോമസ്: ഗവൺമെൻറിൻെറ അനുവാദംകൂടാതെ ഉപഷാപ്പുകൾ നടത്തിവരുന്നതായി അറിയാമോ?

ശ്രീ. വി മാധവൻ: അനുവാദം കൂടാതെ നടത്തുന്നതായി ഗവൺമെൻറിൻെറ ദൃഷ്ടിയിൽ പെടുത്തിയാൽ അതിനു തക്കതായ നടപടികൾ എടുക്കുന്നതാണു്.

ശ്രീ. ഒ. സി. നൈനാൻ: മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു് മൊത്തം മദ്യപാനം വരുമാനത്തിനു് കുറവു വന്നിട്ടുണ്ടോ?

ശ്രീ. വി മാധവൻ: മൊത്തവരുമാനത്തിൽ കുറവുണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. ആർ. കേശവപിള്ള: മദ്യനിരോധനം തുടർന്നുകൊണ്ടുപോകാതിരിക്കുന്നതിനു കാരണമെന്താണു്?

ശ്രീ. വി. മാധവൻ: അതിനു പല കാരണങ്ങളുമുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: പണത്തിൻെറ കുഴപ്പംകൊണ്ടാണോ തുടരാത്തതു്?

ശ്രീ. വി. മാധവൻ: അതും ഒരു കാരണമാണു്.

ശ്രീ. ആർ. കേശവപിള്ള: മദ്യനിരോധനം തുടരാൻപാടില്ലെന്നു സെൻട്രൽഗവൺമെൻറിൽനിന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ബോർണിയോ കുടിയേറിപ്പാർപ്പു്.

* ൯൫൦. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബോർണിയോദ്വീപിൽ കുടിയേറിപ്പാർക്കുന്ന ഇൻഡ്യാക്കാർക്കു വേണ്ട സഹായം ചെയ്യാമെന്നു് ബോർണിയോ ഗവൺമെൻറ് ഇൻഡ്യാഗവൺമെൻറുമായി നടത്തിയിട്ടുള്ള എഴുത്തുകുത്തിനെ സംബന്ധിച്ചു് എന്തെങ്കിലും വിവരം സംസ്ഥാനഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

(ബി) ബോർണിയോദ്വീപിലെ കുടിയേററത്തിൽ ഈ സംസ്ഥാനത്തെ ജനങ്ങൾക്കു മുൻഗണന ലഭിക്കുവാൻ ഇൻഡ്യാഗവൺമെൻറുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതിൻെറ ഫലമെന്തായി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഇല്ല.

(ബി) ഇൻഡ്യാഗവൺമെന്റുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്.

(സി) ഈ കാര്യം ഇൻഡ്യാഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

ശ്രീ. ആർ. ഗംഗാധരൻ: എത്ര കുടുംബങ്ങളെ ബോർണിയോദ്വീപിലേയ്ക്കു് അയയ്ക്കണമെന്നാണ് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: പതിനായിരം കുടുംബങ്ങൾക്ക് സൗകര്യം കൊടുക്കാമെന്നാണ് ബോർണിയോഗവൺമെന്റ് ഇൻഡ്യാഗവൺമെന്റിനെ അറിയിച്ചിരിക്കുന്നതു്. ആ പതിനായിരവും ഇവിടെനിന്നുതന്നെ അയയ്ക്കണമെന്നാണ് ഈ ഗവൺമെന്റ് ഇൻഡ്യാഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതു്. അതുസംബന്ധിച്ചുള്ള തീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: അതുസംബന്ധിച്ച് ഇൻഡ്യാഗവൺമെന്റ് എന്തെങ്കിലും വിവരം ഈ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: വിവരങ്ങളെല്ലാം അറിയിക്കണമെന്നു് ഇൻഡ്യാഗവൺമെന്റ് ബോർണിയോഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ബോർണിയോഗവൺമെന്റിൽനിന്നും വേണ്ട വിവരങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നാണ് അറിയുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ബോർണിയോയിൽ പോകുന്നതിനു് പാസ്പോർട്ടു വേണോ?

Mr. Speaker: All these questions will arise only when the matter has been decided.

ശ്രീ. കെ. ജെ. താമസ്: പതിനായിരം കുടുംബങ്ങൾ ബോർണിയോയിൽ അയയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

ശ്രീ. എം. എം. അബ്ദുൾഖാദർ: പതിനായിരം ഈ സ്റ്റേറ്റിൽനിന്നും പോകാനുണ്ടാകുമെന്നു ഗവൺമെന്റിനു നിശ്ചയമുണ്ടോ?

Mr. Speaker: Those are all problematical and hypothetical questions.

ട്രഷറികൾ.

*൯൧൧. [ന] ശ്രീ. കെ. കെ. കുമാരപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇന്നുള്ള ട്രഷറികളിൽ ഏതെങ്കിലും മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം?

(സി) എങ്ങോട്ടെല്ലാം?

Minister for Revenue (Shri A. Chidambaranatha Nadar).

(a) No.
(b) and (c) Do not arise in view of the answer to (a) above.

ശ്രീ. കെ. കെ. കുമാരപിള്ള: സബ്ട്രഷറികളെക്കൂടി ഉൾപ്പെടുത്തിയാണോ ഉത്തരം പറഞ്ഞത്?

Shri A. Chidambaranatha Nadar: Yes.

കാഷ്യൂനട്ട് ഫാക്ടറി.

*൯൧൨ [൪] ശ്രീ. ടി. കെ. ദിവാകരൻ: താഴെപ്പറയുന്ന ചോദ്യത്തിന് ലേബർവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

തിരുവിതാംകൂർ കാഷ്യൂനട്ട് ഫാക്ടറി മേസ്ത്രീസ് അസോസിയേഷനും മെ. ഏ. തങ്ങൾകുഞ്ഞു മുസലിയാർ ആൻഡ് സൺസും തമ്മിലുള്ള ഒരു തൊഴിൽത്തർക്കക്കേസിനെ സംബന്ധിച്ച് ൨൨-൧-൫൨-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അവാർഡ് മുതലാളി നടപ്പിലാക്കിയിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): തിരുവിതാംകൂർ കാഷ്യൂനട്ട് ഫാക്ടറി മേസ്ത്രീസ് അസോസിയേഷനും, മെസ്സേഴ്സ് ഏ. തങ്ങൾകുഞ്ഞു മുസലിയാർ ആൻഡ് സൺസും തമ്മിലുള്ള തൊഴിൽത്തർക്കക്കേസിലുണ്ടായ അവാർഡ് ആ മുതലാളി നടപ്പിൽ വരുത്തിയിട്ടുണ്ട്. എന്നാൽ ആ അവാർഡ് പ്രകാരം കിട്ടേണ്ട സംഖ്യ ചില മേസ്ത്രിമാർ വാങ്ങിയിട്ടില്ല. അങ്ങനെയുള്ളവർക്ക് സംഖ്യ വാങ്ങുന്നതിന് രജിസ്റ്റർ നോട്ടീസ് അയച്ചിട്ടുണ്ടെന്നു അറിയുന്നു.

ഫാക്ടറിആക്റ്റ് വ്യവസ്ഥകൾ.

*൯൧൩ [൫] ശ്രീ. ടി. കെ. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഫാക്ടറി ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിന് ൧൯൫൩-ൽ ആരുടെയെങ്കിലും പേരിൽ കേസുകൾ എടുത്തിട്ടുണ്ടോ?

(ബി) ഈ കേസുകളിലേതെങ്കിലും ഗവണ്മെന്റിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ കാരണമെന്ത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫാക്ടറി ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിന് ൧൯൫൩-ൽ നടപടി എടുത്തിട്ടുള്ളവരുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്. †

† Please See Appendix I.

(ബി) പിൻവലിച്ചിട്ടുണ്ടു്.

(സി) അതിലെ പ്രതികൾ അപേക്ഷിച്ചതനുസരിച്ചും അങ്ങനെ പിൻവലിക്കുന്നതുകൊണ്ടു് ദോഷമില്ലെന്നു ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനും ബോദ്ധ്യം വന്നതുകൊണ്ടും പിൻവലിച്ചതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഏതെല്ലാം കേസുകളാണു് പിൻവലിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു കേസുകളാണു് പിൻവലിച്ചതു്. അതായതു് ൪൯ ൪-ൽ സി. സി. ൪൮-ം, ൧൩-ം.

ശ്രീ. ടി. കെ. ദിവാകരൻ: അതിലെ പ്രതികളാരെല്ലാമാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സി. സി. ൪൮-ലെ പ്രതിയുടെ പേരു് ടി. കെ. പത്മനാഭനെന്നും, സി സി ൧൩-ലെ പ്രതിയുടെ പേരു് ജെ. ജെ. ദാസ് എന്നുമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി ആക്ടിൽ നിന്നും ഉണ്ടാകുന്ന കേസുകൾ ഗവൺമെന്റിൽ നിന്നും പിൻവലിക്കയാണോ അതോ ലേബർ കമ്മീഷണർ പിൻവലിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി ലേബർ കമ്മീഷണർ പിൻവലിക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: തൊഴിലാളികളുടെ പേരിലുള്ള കേസുകളും, ഇങ്ങനെ പിൻവലിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള. അനേകം കേസുകൾ പിൻവലിച്ചിട്ടുണ്ടു്.

ഫാക്ടറി നിയമം ലംഘിച്ചതിനു പ്രാസിക്യൂഷൻ.

*൯൪൮. [൩] ശ്രീ. പി. ഭാസ്കരൻനായർ: താഴെകാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ട്രാവൻകൂർ സിമൻറ്സ് ഫാക്ടറി മാനേജർ മിസ്റ്റർ റുസിംഗറെയും ഫാക്ടറി മാനേജിംഗ് ഏജൻസിയുടെ ഡയറക്ടർ മി. റി. എസ്സ്. നാരായണസ്വാമിയേയും ഫാക്ടറി നിയമങ്ങൾ ലംഘിച്ചതിനു് പ്രാസിക്യൂട്ടു ചെയ്യുവാൻ ലേബർ ഡിപ്പാർട്ടുമെന്റിൽ നിന്നു നടപടി തുടങ്ങിയോ? തുടങ്ങിയെങ്കിൽ നിറുത്തിവയ്ക്കുവാൻ ഗവൺമെന്റിൽനിന്നു കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ട്രാവൻകൂർ സിമൻറ് ഫാക്ടറി മാനേജരുടെയും, മാനേജിംഗ് ഏജൻസിയുടെ ഡയറക്ടരുടെയും പേരിൽ ഉണ്ടായിരുന്ന കേസ് പിൻവലിച്ചിട്ടുണ്ട്.

(ബി) പ്രാസിക്യൂഷൻ നടപടികൾ തുടർന്നു നടത്താൻ വേണ്ടത്ര കാരണങ്ങൾ ഇല്ലെന്നു കണ്ടതിനാൽ.

ഈ വിഷയം സംബന്ധിച്ചു് ഈ അസംബ്ലിയിൽ തന്നെ വിശദമായി ഞാൻ സംസാരിച്ചിട്ടുണ്ട്.

ശ്രീ. പി. ഭാസ്കരൻനായർ: ഫാക്ടറിയിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ഫാക്ടറി ആക്ട് പ്രകാരമുള്ള സൗകര്യങ്ങൾ കൊടുക്കാത്തതുകൊണ്ടല്ലേ അങ്ങനെയൊരു പ്രാസിക്യൂഷൻ ഉണ്ടായത്?

Mr. Speaker: That is evident. Otherwise, how can a prosecution be started?

ശ്രീ. പി. ഭാസ്കരൻനായർ: ഫാക്ടറി ആക്ട് ലംഘിച്ച മുതലാളിയുടെ പേരിലുള്ള കേസ് പിൻവലിച്ചതുപോലെ അതിനെത്തുടർന്നു തൊഴിലാളികളുടെ പേരിലുള്ള കേസ് പിൻവലിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില തൊഴിലാളികളുടെ കേസ് ഈ ഇനത്തിൽ പെട്ടതാണോ എന്നു നിശ്ചയമില്ല. ആ വിഷയം ഇപ്പോൾ തൊഴിലാളികളുടെയും മുതലാളികളുടെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു ആർബിട്രേഷൻ ബോർഡിനു വിട്ടുകൊടുത്തിട്ടുണ്ട്. അങ്ങനെ ആ കേസ് തീരും.

ശ്രീ. എം. എം. അബ്ദുൾഖാദർ: അങ്ങനെയാണെങ്കിൽ ഈ കാര്യത്തിനുവേണ്ടി തൊഴിലാളികളുടെ മേൽ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കാത്തതു് എന്തുകൊണ്ടാണ്?

Mr. Speaker: That is the very same question which has been answered.

Shri. M. M. Abdul Khader: Sir, I would request the Minister to give the answer to this. Arbitration was pending in the other case. Pending the same arbitration, why not the prosecution against the labourers be withdrawn?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ തൊഴിലാളികളുടെ പേരിലുള്ള കേസ് ഏതാണെന്നു എനിക്ക് ഇപ്പോൾ ഓർമ്മയില്ല. എന്തായാലും ഈ കേസുകൾക്ക് നിദാനമായ സംഗതികൾ ആർബിട്രേഷന്റെ വിഷയമല്ല.

ശ്രീ. [illegible]: ഈ കേസ് ഒരു ടെസ്റ്റ്കേസായിട്ടല്ലേ [illegible]?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീ എൻ. രാജഗോപാലൻനായർ: ആർബിട്രേഷനിൽ ഉണ്ടാകുന്ന തീരുമാനമാണോ അതോ കേസിലുണ്ടാകുന്ന അവസാനതീരുമാനമാണോ എല്ലാ ഫാക്ടറികളെയും ബാധിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിന്റെ ആവശ്യം ഫാക്ടറി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്കു കിട്ടണമെന്നുള്ളതാണു്. കേസിന്റെ തീരുമാനത്തിൽ മുതലാളിയെ ശിക്ഷിക്കമായിരിക്കാം.

ശ്രീ. എൻ. രാജഗോപാലൻനായർ: പ്രാസിക്യൂഷൻ നടപടി ആരംഭിക്കുമ്പോൾ ഇതൊരു ടെസ്റ്റ് കേസാണെന്നും ഇതു് എല്ലാ ഫാക്ടറികളെയും ബാധിക്കുമെന്നും ഒരു ധാരണയില്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഉണ്ടായിരുന്നതായി എനിക്കു ഓർമ്മയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇപ്പോൾ പ്രാസിക്യൂഷൻ നടപടികൾ ആരംഭിക്കുന്നതിനു ലേബർ ഉദ്യോഗസ്ഥന്മാർ മടിക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാൻ പാടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇപ്പോൾ എംപ്ലോയേഴ്സ് പ്രാസിക്യൂഷൻ നടപടി എടുത്തിട്ടു് എന്തായി എന്നു് ലേബർ ഉദ്യോഗസ്ഥന്മാരെ പുച്ഛിക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അറിവില്ല. പിൻവലിച്ചു എന്ന പരാതിയുമായിരിക്കാം.

ശ്രീ. എൻ. രാജഗോപാലൻനായർ: എന്നാണു് പിൻവലിച്ചതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീയതി ഇപ്പോൾ പറയുന്നതിനു് നിവൃത്തിയില്ല. അധികം കാലമായിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: രാജപ്രമുഖനാണോ കേസു് പിൻവലിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മന്ത്രിയാണു്. ബൈ ഓർഡർ ആഫ് ദി രാജപ്രമുഖ് എന്നു് എഴുതിയാണു് ഉത്തരവുകൾ നൽകുന്നതു്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഉത്തരവിന്റെ പകർപ്പു് തിരുവനന്തപുരത്തു താമസിച്ചിരുന്ന മുതലാളിക്കു് നൽകിയിരുന്നോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: മുതലാളിക്കു് ഉത്തരവു കിട്ടിയിട്ടുണ്ടായിരിക്കും. അദ്ദേഹം താമസിച്ചിരുന്നതു് എവിടെയാണെന്നു് എനിക്കറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻനായർ: നാലു കൊല്ലമായി മുതലാളി ഫാക്ടറി ആക്ട് അനുസരിച്ചു് പ്രവർത്തിക്കാതിരുന്നതു് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ കാരണമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്ക് അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ ബന്ധുക്കളെ ആ ഫാക്ടറിയിൽ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

Extension of Railway.

*915. [7] **Shri N. A. Noor Muhammad**: Will the Minister for Transport be pleased to state:

(*a*) whether a survey for the extension of railway from Trivandrum to Nagercoil was done;

(*b*) if so, when;

(*c*) whether a survey for the extension of railway from Tinnevelly to Cape Comorin *via* Nagercoil was taken;

(*d*) if so, when; and

(*e*) whether Government have moved the Ministry of Railways, Delhi, for taking up the above works?

Minister for Works and Transport **(Shri Kalathil Velayudhan Nair)**: (*a*) Yes.

(*b*) 1923-1924.

(*c*) No.

(*d*) Does not arise.

(*e*) No.

Shri N. A. Noor Muhammad: Is there any proposal to take up the matter immediately?

Shri Kalathil Velayudhan Nair: There is no proposal to take up the matter immediately. But it may be considered.

Shri N. A. Noor Muhammad: May I know whether Government have any idea as to the total cost involved?

Shri Kalathil Velayudhan Nair: There is no idea as to the total cost at present. But in the old estimate there is a figure given, namely, Rs. 18,52,305. That is the estimate prepared in 1923-1924.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, ഈ റെയിൽവെ സംബന്ധിച്ചുള്ള പണി നടപ്പിൽ വരുത്താതിരിക്കുന്നതിനു പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രത്യേക കാരണങ്ങൾ ഒന്നുമില്ല.

ஸ்ரீ. ஸி. சங்கர்: நாகர்கோவில்-திருவனந்தபுரம் ரெயில்வே லைனை தொடங்காமல் கொல்லம்-எரணாகுளம் ரெயில்வே லைனைத் தொடங்குவதற்குக் காரணமென்ன?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നാഗർകോവിൽ നിന്നും

ആദ്യമായി തുടങ്ങിയില്ല. കൊല്ലം-എറണാകുളം റെയിൽവേ തന്നെ ആദ്യമായി തുടങ്ങാം എന്നു വിചാരിച്ചു.

ஸ்ரீ. ஸி. சங்கர்: நாகர்கோவில்-திருவனந்தபுரம் ரெயில்வே லைனை தொடங்காதது, அது தமிழ்நாட்டிலிருப்பதினாலா?

Mr. Speaker : That question is disallowed.

ஸ்ரீ கணபதி: கொல்லம், ஆல்வாய், எரணாகுளம் ரோடுகளில் தான் கூடுதல் டிராவலேர்ஸ் போகிறார்கள் என்று தெரியுமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആയിരിക്കാം.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ റെയിൽവേ പണി എന്നു തുടങ്ങുമെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ആണ്ടിൽ തുടങ്ങും.

Shri R. Ponnappa Nadar : Will the Government be pleased to take steps with the Central Government for extending this Railway as early as practicable ?

Shri Kalathil Velayudhan Nair : Yes, as early as practicable, that will be done.

Comprehensive survey of the rural parts.

※ 916. [8] **Shri N. A. Noor Muhammad :** Will the Minister for Works be pleased to state :

(*a*) whether a comprehensive survey of the rural parts of the State of Travancore-Cochin was taken for the purposes of extension of electricity ; and

(*b*) if not, on what basis extensions are being done ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :** (*a*) No.

(*b*) Extensions to rural parts are taken up in order to develop load. Places reasonably near supply lines are electrified at the request of individuals, local bodies etc., if adequate revenue by way of sale of energy or guarantee of minimum revenue on capital will be forthcoming.

ஸ்ரீ. ஸி. சங்கர்: நாகர்கோவில் Electric Supply Corporation-ஐ சர்க்கார் கைவசம் எடுப்பதற்கு உத்தேசமுண்டா?

Mr. Speaker : How does it arise from this question ?

Promotion in the Services.

※ 917. [9] **Shri N. A. Noor Muhammad :** Will the Chief Minister be pleased to state :

(*a*) whether any proportion has been fixed between graduates and under-graduates for purposes of promotion in the services ;

(*b*) if so, in what departments ;

(*c*) whether such a proportion has been fixed in the Insurance Department ;

(*d*) if not, why;

(*e*) the number of under-graduates who have been promoted from the Rs. 45 to 75 grade to the Rs. 80 to 100 grade during the last one year in the Insurance Department; and

(*f*) whether any graduate has been promoted from the Rs. 45 to 75 grade to the Rs. 80 to 100 grade in the above department for the last one year?

Chief Minister (**Shri A. J. John**): (*a*) Yes.

(*b*) In all Departments except in the Secretariat.

(*c*) A certain proportion has been fixed in the Insurance Department also for promotion from the Grade of Rs. 30-45 to Rs. 45-75 for clerks. But, this is not exactly similar to the proportion fixed in other Departments.

(*d*) Due to the special nature of work in the Department and the special condition of recruitment.

(*e*) 4.

(*f*) No.

കാളേജ് അഡ്മിഷൻ.

* ൯൧൮ (൧൦) ശ്രീ കെ. കെ. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ ബി. എ. (ഓണേഴ്സ്) എക്കണോമിക്സിനു ഇക്കൊല്ലം (൧൯൫൮) എത്രപേർ അപേക്ഷിച്ചിരുന്നു;

(ബി) അവരിൽ ആദ്യത്തെ (First appearance) പരീക്ഷയ്ക്കു പാസ്സായിരുന്നവർ എത്ര; സപ്ലിമെൻറ് (Second appearance) ചെയ്തു പാസ്സായവർ എത്ര;

(സി) ആകെ അപേക്ഷിച്ചിരുന്നവരിൽ എത്ര പേർക്ക് (ഇൻറർവ്യൂ) മെമ്മോ അയച്ചിരുന്നു; അവരിൽ ആദ്യപരീക്ഷയ്ക്ക് പാസ്സായിരുന്നവർ എത്ര; സപ്ലിമെൻറ ചെയ്തു പാസ്സായവർ എത്ര;

(ഡി) അഡ്മിഷൻ കൊടുത്തവരിൽ സപ്ലിമെൻറ് ചെയ്തു പാസ്സായവർ എത്ര;

(ഇ) സപ്ലിമെൻറ് ചെയ്തു പാസ്സായവർക്ക് അഡ്മിഷൻ കൊടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരും പിതാവിന്റെ പേരും ഔദ്യോഗികമേൽവിലാസവും മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ): (എ) ൪൯ പേർ.

(ബി) എക്കണോമിക്സ് ആണേഴ്സിലേയ്ക്കുള്ള അഡ്മിഷന് ഇംഗ്ലീഷും ഐച്ഛികവിഷയവും ആദ്യത്തെ പരീക്ഷയിൽതന്നെ ജയിച്ചിരിക്കണമെന്ന് മാത്രമേ നിർബന്ധിച്ചിട്ടുള്ളു അങ്ങിനെ പാസ്സായിട്ടുള്ളവർ ൪൨ പേർ, പാസ്സാകാത്തവർ ൭ രണ്ടുപേരുടെ വിവരങ്ങൾ അപേക്ഷയിലില്ല.

(സി) മുൻനിശ്ചയമനുസരിച്ചു് പാസ്സായിട്ടുള്ള ൪൨ പേരിൽ മിനിമം മാർക്ക് യോഗ്യതയുള്ളവർ ൧൩ മാത്രമായിരുന്നു. അതുകൊണ്ടു് അവർക്ക് ഇൻറർവ്യൂന് മെമ്മോ അയച്ചിരുന്നു. ഇതിൽ ആദ്യത്തെ പരീക്ഷയ്ക്ക് എല്ലാ ഭാഗവും പാസ്സായിട്ടുള്ളവർ ൧൪.

(ഡി) ഇൻറർവ്യൂന് വിളിച്ചിരുന്ന ൧൩ പേരിൽ എത്തിച്ചേർന്ന ൧൧ ആളുകളിൽ നിന്നും യോഗ്യതകൾ ഏററവും കുറവുള്ള ഒരാളെ തള്ളിബാക്കി ൧൦ പേർക്ക അഡ്മിഷൻ കൊടുത്തു. അഡ്മിഷൻ ലഭിച്ച ൧൦ പേരിൽ ഭാഷാഭാഗം മാത്രം സപ്ലിമെൻററി ചെയ്തിട്ടുള്ള ഒരാളും പെടും.

(ഇ) അയാളുടെ പിതാവ് ഹിസറററി ഇക്കണോമിക്സ് വകുപ്പിലെ ജൂനിയർ പ്രൊഫസർ ശ്രീ കൃഷ്ണൻകുട്ടിമേനോൻ ആണ്.

ശ്രീ കെ. കെ. അയ്യപ്പൻ: ആദ്യമെയുള്ള ഫസ്ററ് അപ്പീയറൻസിൽ പാസ്സായിട്ടുള്ള ഒ എല്ലാ പേരെയും ഇൻറർവ്യൂന വിളിച്ചിരുന്നോ?

ശ്രീ എ. ജെ. ജാൺ: യോഗ്യതയുള്ള ൧൩ പേരെ വിളിച്ചിരുന്നു. അവരിൽ വന്നിട്ടുള്ള ൧൦ പേർക്ക അഡ്മിഷൻ കൊടുത്തു.

ശ്രീ. കെ. കെ. അയ്യപ്പൻ: സെക്കൻറ അപ്പീയറൻസിൽ പാസ്സായിട്ടുള്ളവരിൽ ആരെയെങ്കിലും എടുത്തിട്ടുണ്ടോ?

ശ്രീ എ. ജെ ജാൺ: അതാണ ഞാൻ പറഞ്ഞിരിക്കുന്നതു്. സെക്കൻറ് അപ്പീയറൻസിൽ പാസ്സായ ഒരാളെയും എടുത്തിട്ടുണ്ട്. അയാളുടെ പിതാവിൻെറ പേരും ഉദ്യോഗവും ഇതാണ്. കൃഷ്ണൻകുട്ടിമേനോൻ ജൂനിയർ പ്രൊഫസർ.

ശ്രീ. കെ. കെ. അയ്യപ്പൻ: അദ്ദേഹം അവിടത്തെ പ്രൊഫസറാണോ

ശ്രീ. എ. ജെ. ജാൺ: അതേ. ജൂനിയർ പ്രൊഫസർ ആണ.

ബീഡി തൊഴിലാളികളുടെ കൂലി.

*൧൫൧ (൧൧) ശ്രീ സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡി തൊഴിലാളികളുടെ മിനിമംവേജ് നിർണ്ണയിക്കുന്നതിന് ഗവണ്മെൻറ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ആ മിനിമംവേജ് പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) മിനിമം വേജസ് ആക്ട് ൧൨-ബി എന്ന സെക്ഷൻ അനുസരിച്ചു് ഗവണ്മെൻറ് ഗസററിൽ പരസ്യപ്പെടുത്തി അതിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിഞ്ഞതിനു ശേഷം കുറഞ്ഞ കൂലി ൧ രൂപാ ൧ ണ എന്നു ക്ലിപ്തപ്പെടുത്തുകയാണ ചെയ്തതു്.

(ബി) ഇല്ല.

ശ്രീ സി. കെ. വിശ്വനാഥൻ: ഗസററിൽ പരസ്യപ്പെടുത്തിയ അവസരത്തിൽ ഈ തൊഴിലാളിസംഘടനകളെല്ലാം നിരോധിച്ചിരുന്നതുകൊണ്ടു് അവർക്കു് ആക്ഷേപങ്ങൾ പുറപ്പെടുവിക്കാൻ സൗകര്യം ലഭിച്ചിരുന്നില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ തൊഴിലാളിസംഘടനകളും നിരോധിച്ചിരുന്നില്ല. കിട്ടീട്ടുള്ള ആക്ഷേപങ്ങൾ എല്ലാം ഗവൺമെൻറു് പരിശോധിച്ചിട്ടുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ബീഡിത്തൊഴിലാളി സംഘടനകൾക്കു് ആക്ഷേപങ്ങൾ പുറപ്പെടുവിക്കാൻ സൗകര്യമില്ലാതിരുന്ന അവസരത്തിലാണു് ഗവൺമെൻറിൽനിന്നും ഈ മാതിരി മിനിമംവേജസ് നിശ്ചയിച്ചതെന്നറിയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ ബീഡിത്തൊഴിലാളി സംഘടനകളും നിരോധിച്ചിരുന്നില്ല. ചില സംഘടനകൾ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. അവ ഗവൺമെൻറു് പരിശോധിക്കയും ചെയ്തിട്ടുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഗവൺമെൻറിൽനിന്നും ഒരു രൂപാ പതിനാലണ മിനിമംവേജസ് നിശ്ചയിച്ച അവസരത്തിൽ അവർക്കു് രണ്ടരരൂപാ കിട്ടിക്കൊണ്ടിരുന്നതായറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെൻറിനറിവില്ല. ഗവൺമെൻറിൽനിന്നും ഏററവും കുറഞ്ഞ കൂലി ഒരു രൂപാ പതിനാലണ എന്നു നിശ്ചയിച്ചിട്ടേയുള്ളു. എത്ര കൂടുതൽ വേണമെങ്കിലും വാങ്ങിക്കാം.

ശ്രീ. സി. കെ. വിശ്വനാഥൻ: രണ്ടരരൂപാ ഒരു തൊഴിലാളിക്കു ലഭിച്ചുകൊണ്ടിരുന്നപ്പോൾ ഒരു രൂപാ പതിനാലണ എന്നു ഗവൺമെൻറിൽനിന്നും നിശ്ചയിച്ചതുകൊണ്ടു് അവർക്കു് അതിൽ കുറവായിട്ടല്ലേ പിന്നീടു ലഭിക്കുകയുള്ളു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു സമ്മതിക്കരുതു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഗവൺമെൻറിൽനിന്നും കുറഞ്ഞ കൂലി ഇത്ര എന്നു ക്ലിപ്തപ്പെടുത്തിയാൽ അതിൽ കൂടുതൽ മുതലാളികൾ കൊടുക്കാൻ വിസമ്മതിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെൻറിൽനിന്നും നിശ്ചയിച്ചിരിക്കുന്നതു മിനിമം വേജസ്സ് ആണു്. അതിൽ കുറഞ്ഞു കൊടുക്കരുതെന്നാണു് ഗവൺമെൻറു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. എ. കുഞ്ഞൻനാടാർ: വെളിയിൽനിന്നും ബീഡി ഇവിടെ വില്പനയ്ക്കു വരുന്നതുകൊണ്ടു് ഇവിടെ മിനിമംവേജസ് കൊടുക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെൻറിൽ നിന്നും നിശ്ചയിച്ചിരിക്കുന്ന മിനിമംവേജസിൽ കുറവായി കൊടുക്കാൻ പാടി

ല്ലാത്ത ... സം ചെയ്തിട്ടുണ്ട്. അതിനു വിപരീതമായി പ്രവർത്തിച്ചാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മിനിമംവേജസ് ക്ലിപ്തപ്പെടുത്തിയതുകൊണ്ടു മുമ്പു കിട്ടിക്കൊണ്ടിരുന്ന കൂലി അതിൽ കൂടുതലായിരുന്നതുകൊണ്ട് വെട്ടിക്കുറച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാൻ പാടില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അങ്ങിനെ അറിയിക്കുന്ന പക്ഷം വേണ്ട നടപടി എടുക്കുമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: വേണ്ട നടപടി എടുക്കുന്നതാണ്.

ശ്രീ. സി. അച്യുതമേനോൻ: ഈ മിനിമം വേജസ്സ് ഫിക്സ് ചെയ്തിരിക്കുന്നത് ഒരു ദിവസത്തെ കൂലിയായിട്ടാണോ?

Mr. Speaker: Evidently, nobody has read the report. When questions are put, it is presumed that the Member who puts the questions has read the report.

Shri. C. Achyutha Menon: It is not a question put by me. Sir, evidently, the Minister is also not in possession of the facts.

ஸ்ரீ வி. சங்கர்: தென் திருவிதாங்கூரில் ரூ. 1-14-0 கொடுப்பதில்லை, ரூ. 1-6-0 தான் கொடுக்கப்பட்டு வருவது என்று மந்திரிக்கு தெரியுமா?

ശ്രീ കെ. പി. പ്രഭാകരൻ: ഈ മിനിമം വേജസ് നിബന്ധനയെ സംബന്ധിച്ച് എവിടെ നിന്നെങ്കിലും ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമം വേജസ് ക്ലിപ്തപ്പെടുത്തിയതിനെ സംബന്ധിച്ച ആക്ഷേപങ്ങൾ കിട്ടിയതായി അറിവില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ഈ ഒരു രൂപാ പതിനാലണ മിനിമം വേജസായി ക്ലിപ്തപ്പെടുത്തിയതു വളരെ കുറഞ്ഞുപോയി എന്നു ആക്ഷേപങ്ങൾ തൊഴിലാളിസംഘടനകളിൽനിന്നും ലഭിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ആക്ഷേപങ്ങൾ ഉള്ളതായി ഗവണ്മെന്റിന്റെ അറിവിൽ പെട്ടിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ മിനിമം വേജസ് ആക്റ്റ് അനുസരിച്ചു ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

ஸ்ரீ. வி. சங்கர்: தென்-திருவிதாங்கூரில், தோவாளை, அகஸ்தீஸ்வரம், கல்குளம் தாலுகாக்களில் இந்த மினிமம் வேஜஸ் ஆக்ட்படி ரூ. 1-14-0, கொடுக்கப்படவில்லை; ரூ. 1-6-0 தான் கொடுக்கப்பட்டு வருவது மந்திரி அவர்களுக்குத் தெரியுமா?

Mr. Speaker: You have already put a question. When the Government were asked whether they were aware that even

Re. 1|14 was not paid, theMinister's answer was that the Government were not aware. Then, what is the necessity for further question on that ?

ശ്രീ. പരീത്തു റാവുത്തർ: കുറഞ്ഞകൂലി നിശ്ചയിക്കുന്നതോടൊപ്പം കുറഞ്ഞ വേലയും ചെയ്യുന്നതിനു ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. പി. ഭാസ്കരൻനായർ: മിനിമം വേജസ് നിശ്ചയിക്കുന്നതു എട്ടു മണിക്കൂർ നേരത്തെ വേലചെയ്യുന്നതിനല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല വിധത്തിലാണു് മിനിമം വേജസ് നിശ്ചയിക്കുന്നതു്.

ശ്രീ. പി. ഭാസ്കരൻനായർ: എട്ടു മണിക്കൂർ വേലചെയ്താൽ മാത്രമേ ഇത്ര മിനിമം വേജസ് കിട്ടുകയുള്ളു എന്നു വല്ല നിബന്ധനയുമുണ്ടോ?

ശ്രീ. പനമ്പി ഗോവിന്ദമേനോൻ: അതിനെപ്പററി ശരിയായ ഒരു മറുപടി ഇപ്പോൾ പറയുന്നതിനു നിവൃത്തിയില്ല. ഞാൻ അതേപ്പററി ആലോചിച്ചില്ല.

ശ്രീ ടി. വി. തോമസ്: മിനിമം വേജസ് നിശ്ചയിക്കുന്നതു് ഒരു മിനിമം വേജസ് കമ്മിററിയുടെ ശുപാർശകെയല്ലേ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിൽനിന്നും ഗസററിൽ പരസ്യപ്പെടുത്തി ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിഞ്ഞതിനു ശേഷം നിശ്ചയിക്കുകയും അല്ലാത്തപക്ഷം ഒരു മിനിമം വേജസ് കമ്മിററിയെ അപ്പോയിൻറു ചെയ്തു ആ കമ്മിററിയുടെ റിപ്പോർട്ടു വരുത്തി അതൊരഡ്വൈസറി കമ്മിററി മുഖാന്തിരം ആലോചിച്ചു തീരുമാനിക്കയും ചെയ്യാവുന്നതാണു്.

ശ്രീ. ടി വി. തോമസ്: ഗവണ്മെൻറിൻെറ പ്രപ്പോസൽസിനെപ്പററി ഗസററിൽ പരസ്യപ്പെടുത്തിയതിനുശേഷം ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്; അതെപ്പററി ഗവണ്മെൻറ് പരിശോധിച്ചിട്ടുമുണ്ടു്.

ശ്രീ. ടി. വി. തോമസ്: അന്നു ഗസററിൽ പരസ്യപ്പെടുത്തിയ അവസരത്തിൽ തിരുവിതാംകൂർ കൊച്ചിയിലുള്ള സംഘടനകളെല്ലാം നിരോധിച്ചിരുന്നതായി അറിയാമൊ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയായിരുന്നില്ല.

ശ്രീ. ടി. വി. തോമസ്: സംഘടനകൾ നിരോധിച്ചിരുന്നതുകൊണ്ടു അവക്കു് ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതിൻ സൗകര്യമുണ്ടായിരുന്നില്ല എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതാനും സംഘടനകൾ ആക്ഷേപം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

ശ്രീ ടി. വി തോമസ്: ഈ മിനിമം വേജസ് ഒരു രൂപാ പതിനാല ണ ത്തിൽ കുറയ്ക്കാൻ പാടില്ലാ എന്നു നിശ്ചയിച്ചതെന്താണന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്നു ഗവണ്മെൻറ് അതേപ്പറ്റി ആലോചിച്ചതിൽ ഒരു രൂപാ പതിനാലണ ന്യായമാണെന്നു തോന്നി. അതു് ന്യായമല്ലെങ്കിൽ ശരിയാക്കാവുന്നതാണ്.

ശ്രീ ടി. വി. തോമസ്: അതു വളരെ കുറവാണെന്നുള്ളതുകൊണ്ടു് ശരിയാക്കാൻ ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു വളരെ കുറവാണെന്നു ഗവണ്മെൻറിനു ബോദ്ധ്യം വന്നാൽ അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. ടി. വി. തോമസ്: അതിനെപ്പറ്റി ഗവണ്മെൻറിൻെറ നയമെന്താണ്?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിനു പ്രത്യേകമായി നയമൊന്നുമില്ല

ശ്രീ ടി കെ. കൃഷ്ണൻ: ഈ മിനിമം വേജസ് കൊടുക്കാത്തവരെക്കൊണ്ടു കൊടുപ്പിക്കാൻ നിർബന്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിർബന്ധിക്കാം.

തൊഴിലാളികളുടെ കുറഞ്ഞ കൂലി

* ൻ്റ ൦ [൧ ൨] ശ്രീ സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) തോട്ടം തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിച്ചതിൽ തൊഴിലാളികളുടെ ഇടയിൽ അതൃപ്തിയുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പു മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) അതൃപ്തി ഉള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല നേരെ മറിച്ചു തൃപ്തിയുള്ളതായിട്ടാണറിവ്.

(ബി) ഇല്ല.

ഭാഷായോജനവിദ്യാഭ്യാസം

* ൻ്റ ൧ [൧ ൩] ഡാക്ടർ എൻ. എസ്. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൨൭ ജൂൺമാസത്തിൽ ഭാഷായോജനവിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മുഖ്യമന്ത്രിക്കു ഒരു മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) കോഴ്സ് പൂർത്തിയാക്കിയവരിൽ ആരെങ്കിലും സെൻറർ അനുവദിക്കാതെയുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

(ബി) അതു ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(സി) അവർ ട്രെയിനിംഗ് പാസാകാത്തതിനാൽ ഗ്രാന്റ് അനുവദിച്ചില്ല. ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ഡാക്ടർ എൻ. എസ്സ്. പിള്ള: ട്രെയിനിംഗ് പാസാകാതെ എത്ര പേർ അക്കൂട്ടത്തിലുണ്ടായിരുന്നു?

ശ്രീ. എ. ജെ. ജാൺ: ആകെ ൪൪ വിദ്യാർത്ഥികൾ. അതിൽ ൨൪ പേർ പാസ്സായി. ബാക്കിയുള്ളവർ തോറ്റു.

ശ്രീ. ഡാക്ടർ എൻ. എസ്സ്. പിള്ള: ഇവർ തോൽക്കാൻ കാരണമെന്താണ്? ഇവർ സ്കൂളുകളിൽ ട്രെയിനിംഗ് നടത്തിക്കൊണ്ടിരുന്നല്ലോ?

ശ്രീ. എ. ജെ. ജാൺ: അവർ സ്ട്രൈക്കിനാണു ട്രെയിനിംഗ് നടത്തിക്കൊണ്ടിരുന്നതു്.

ഡാക്ടർ എൻ. എസ്സ്. പിള്ള: സ്വഭാവശുദ്ധിക്കും പഠിത്തത്തിന്റെ പുരോഗതിക്കുമായി അവർക്കു വേതനം നൽകിക്കൊണ്ടിരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവിടത്തെ വിദ്യാർത്ഥികൾ അവിടത്തെ എക്സിക്യൂട്ടിവ് ആഫീസരുടെ പേരിൽ പരാതി ബോധിപ്പിച്ചതിന്റെ പക തീർക്കാനായി അദ്ദേഹം ഇങ്ങനെ ചെയ്തതാണെന്നറിയാമോ?

Mr. Speaker : The question is disallowed.

കുടിയിറക്കുകൾ.

* ൯൨൨. [൧൪] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്താകെ, ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടിയിറക്കുകൾ നടന്നിട്ടുണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര;

(ബി) ഇവയിൽ എത്രയെണ്ണത്തിൽ പോലീസ് ഇടപെട്ടിട്ടുണ്ട്;

(സി) കോടതി വിധിപ്രകാരം കുടിയറക്കിയിട്ടുള്ളതെത്ര;

(ഡി) കുടിയറക്കിയതിനെപ്പററി എത്ര പരാതികൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്? എന്തു നടപടി നടത്തി;

(ഇ) കുടിയിറക്കലുകൾ തടയാൻ ഗവണ്മെന്റിനു വല്ല പരിപാടിയുമുണ്ടോ?

Minister for Revenue **(Shri A. Chidambaranatha Nadar) :**

(*a*) (1) No.

(2) In view of the answer to part 1 of the question the latter part of the question does not arise.

(*b*) No information is available.

(c) No information is available.

(*d*) Petitions alleging eviction of the kudikidappukars have been received and they are being disposed of after due enquiry.

(*e*) No measures other than those contemplated in the enactment and the rules issued thereunder are contemplated.

ശ്രീ. കെ. കെ. കുമാരപിള്ള: കുടിയിറക്കനെവേണ്ടി എന്തെല്ലാം പരിപാടികളാണുള്ളത്?

Shri A. Chidambaranatha Nadar : Very recently Government have passed orders to the following effect. If the porambokes occupied by the Harijans are not urgently required for public purposes, these people need not be evicted. But in case where the land is required for a public purpose they will have to be evicted. If alternative sites are available the District Collectors will fix them up suitably.

ശ്രീ. കെ. കെ. കുമാരപിള്ള: പൊതുവെ അല്ലാതെ സ്വകാര്യവ്യക്തികളും ഇങ്ങനെ കുടിയിറക്ക നടത്തുന്നതിനെ തടയാൻ എന്തെങ്കിലും നിയമം ഉണ്ടോ?

ശ്രീ. എ. ചിദംബരനാഥനാടാർ: നിയമം ഉണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ നിയമങ്ങൾ നടപ്പാക്കാൻ അധികാരമുള്ള ആഫീസർ ആരാണ്?

ശ്രീ. എ. ചിദംബരനാഥനാടാർ: കോർട്ട്.

Shri N. Rajagopalan Nair : Is it not a fact that Government have given some land for the occupation of the poor from whom the rich people have got them and are enjoying them ? In that case will the Government see that such lands are taken from the rich and given to the poor ?

Shri A. Chidambaranatha Nadar : If Government have any knowledge of such people they will be definitely and seriously dealt with.

Shri N. Rajagopalan Nair : Are the Government aware that District Officers are disobeying the orders issued to them in the matter of evicting rich people from those lands ?

Shri A. Chidamabaranatha Nadar : No, the Government are not aware of such instances.

ஸ்ரீ. கணபதி: சர்க்கார் நிலத்தில் இப்படி அனுவசியமாக குடியேறுகிறவர்களை குடியிறக்குவதோடு மாத்திரமல்லாமல் அவர்களின் மேல் மேற்கொண்டு நடவடிக்கைகள் எடுக்கப்படுமா?

ஸ்ரீ ஏ. சிதம்பரநாத நாடார்: சர்க்கார் புறம்போக்குகளில் ஏற்பட்ட ஆட்களை குடியிறக்குவது மாத்திரமல்ல. அது உண்மையாக இருக்குமானால் அதற்கு வேண்டிய நடவடிக்கைகளும் எடுக்கப்படும்.

Publicity Department.

✻ 923. [15] **Dr. M. Sivaraman Nair:** Will the Minister for Home Affairs be pleased to state:

(*a*) whether there is any proposal to reconstitute and improve the publicity department; and

(*b*) if so, whether Government have considered the proposition of publishing their Journal on the lines of the "American Reporter" free of cost and in all major languages of the place?

Minister for Home Affairs **(Shri T. M. Varghese)**: (a) No;

(*b*) At presnet there is no intention to publish and distribute the departmental journal free in all major languages of the State.

ഡാക്ടർ എം. ശിവരാമൻനായർ: പബ്ലിസിററി ഡിപ്പാർട്ടുമെൻറിന്റെ ഇന്നത്തെ പബ്ലിക്കേഷനു വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. ടി എം. വർഗ്ഗീസ്: അങ്ങിനെ പരാതിയുണ്ടായിട്ടുണ്ട്.

ഡാക്ടർ എം. ശിവരാമൻനായർ: അതിനു പരിഹാരം ഉണ്ടാക്കാൻ ഏതെങ്കിലും പദ്ധതികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനുള്ള മാർഗ്ഗങ്ങൾ സഭയിൽ പറഞ്ഞിട്ടുണ്ട്. അതൊക്കെ ആലോചിക്കുന്നതാണ്.

Shri M. M. Abdul Khader: Does the Minister know that the Malayalam content of the "American Reporter" is not happy?

Mr. Speaker: That is not relevant; weare concerned with the "Travancore-Cochin News" and not with the "American Reporter."

ശ്രീ. എൻ രാജഗോപാലൻനായർ: ഈ പബ്ലിക്കേഷൻ പല ഭാഷകളിൽ തർജ്ജിമചെയ്യുന്നതുകൊണ്ട് കൂടുതൽ പേജുകൾ ഉണ്ടാകുമെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇതൊക്കെ ഇവിടെ പറഞ്ഞിട്ടുണ്ട്. പല ഭാഷയിൽതന്നെ ഒരേ വിഷയം ആവർത്തിക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണ്. ഒരേ ഭാഷയിൽതന്നെ കാര്യങ്ങൾ പ്രസ്താവിച്ചാൽ മതിയോ എന്നുള്ളതിനെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്.

ബീഡിത്തൊഴിലാളികളുടെ കൂലി.

* നം. ൪. [൧൩] ശ്രീ. പി ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡിത്തൊഴിലാളികൾക്ക് മിനിമം വേജസ് നിശ്ചയിച്ചതു് ബീഡിത്തൊഴിലാളികളോട് ബന്ധമുള്ള ഏതെങ്കിലും സംഘടനയുടെ അഭിപ്രായം ആരാഞ്ഞതിനു ശേഷമാണോ;

(ബി) ആണെങ്കിൽ ഏതു് സംഘടനകളോടാണ് അഭിപ്രായം അന്വേഷിച്ചതു്;

(സി) ഇപ്പോൾ നിജപ്പെടുത്തിയിരിക്കുന്ന കൂലിനിരക്ക് തീരെ അപര്യാപ്തമാണെന്ന് തൊഴിലാളിഭാഗത്തുനിന്ന് പരാതിപ്പെട്ടിട്ടില്ലെ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമം വേജ്സ് ആക്ട് ൮ (൧) (ബി) അനുസരിച്ച് കൂലി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗസററിൽ പരസ്യംചെയ്ത് ആക്ഷേപവും അഭിപ്രായങ്ങളും ആരാഞ്ഞതിനുശേഷമാണ് കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടുള്ളതു്.

(ബി) പ്രത്യേകം ഒരു സംഘടനയോടും അഭിപ്രായം അന്വേഷിച്ചിട്ടില്ല. എങ്കിലും പല ബീഡിത്തൊഴിലാളി സംഘടനകളും അവയുടെ അഭിപ്രായം അറിയിച്ചിട്ടുണ്ട്. കുട്ടനാട്ട് ബീഡിത്തൊഴിലാളി സംഘടന കുറഞ്ഞകൂലി ൨ രൂപ ൪ണ യായിരിക്കണമെന്നും കിടങ്ങൂർ ബീഡിത്തൊഴിലാളി സംഘടന ൧ രൂപ ൧൪ ണ യായി ക്ലിപ്തപ്പെടുത്തണമെന്നും അഭിപ്രായം അറിയിച്ചിട്ടുള്ളതായി റിക്കാർഡു് കൊണ്ട് കാണുന്നുണ്ട്.

(സി) ഇല്ല.

ശ്രീ. പി. ഭാസ്കരൻ നായർ: സ്റ്റേററിൽ ആകെ എത്ര ബീഡിത്തൊഴിലാളി സംഘടനകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് പറയാൻ നോട്ടീസ് വേണം.

ശ്രീ. എൻ രാജഗോപാലൻ നായർ: പ്ലാന്റേഷൻസ് എന്ന കമ്പനിയിൽ മിനിമം വേജസ് കൊടുക്കുന്നുണ്ടോ എന്നറിയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുക്കുന്നുണ്ടായിരിക്കണം.

ശ്രീ. എൻ. രാജഗോപാലൻ നായർ: അതിലെ മുതലാളിമാർ വ്യവസ്ഥകളിൽ പല ഭാഗവും confuse ചെയ്യുന്നതുകൊണ്ട് അതു് നടപ്പിൽ വരുത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂട.

ഷാപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ്സ് ആക്ട്.

*൯൭൫. [൩൦] ശ്രീ. അച്യുതമേനോൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഷാപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ്സ് ആക്ട് എന്നാണ് പാസ്സായത്;

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ ഏതെല്ലാം പട്ടണങ്ങളിൽ ഏതു തീയതിമുതൽ അതു നടപ്പിൽ വന്നു;

(സി) അതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ജോലിസമയം എത്ര മണിക്കൂറിൽ എത്ര മണിവരെയാണ്?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പ്മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ൧൯൫൦ ജനുവരി ൧-ാനു.

(ബി) തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ മുനിസിപ്പാലിററികളിലും തിരുവനന്തപുരം നഗരത്തിലും ൧൯൫൦ ജൂൺ ൧-ാംനു-മുതൽ നടപ്പിൽ വരുത്തി.

(സി) കാമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറിലെ ജോലിസമയം രാവിലെ ൭ മണി മുതൽ രാത്രി ൮ വരെ.

ഹോട്ടൽ, റെസ്റ്റാറൻറ് ഇവയുടെ ജോലിസമയം രാവിലെ ൫ മണിമുതൽ രാത്രി ൧൦ മണിവരെ.

തീയേററുകളുടേയും മററ് വിനോദ സ്ഥാപനങ്ങളുടേയും ജോലിസമയം ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ ൯ മണി മുതൽ രാത്രി ൨ മണി വരേയും മററ് ദിവസങ്ങളിൽ ഉച്ചക്ക് ഒരു മണിമുതൽ രാത്രി ൨ മണിവരേയും.

ഷാപ്പുകൾക്ക് രാവിലെ ൬ മണി മുതൽ രാത്രി ൧൦ മണി വരെ.

ശ്രീ. സി. അച്യുതമേനോൻ: ഈ ആക്ടിൽനിന്ന് ഏതെങ്കിലും സ്ഥാപനത്തെ ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. അച്യുതമേനോൻ: ബ്രുക്കബോണ്ട് കമ്പനിയെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. സി. അച്യുതമേനോൻ: ഈ ആക്ടിൻപ്രകാരം ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നിയമിച്ചിട്ടുണ്ട്.

ശ്രീ. സി. അച്ചുതമേനോൻ: ഏതെങ്കിലും സ്ഥാപനത്തിൽനിന്ന് ക്ലിപ്തപ്പെടുത്തിയജോലി സമയത്തിൽ കൂടുതൽ ജോലിചെയ്യിക്കുന്നുവെന്ന് ആവലാതി വന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ആക്ട് നടപ്പിലാക്കിക്കൊണ്ടുവരികയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: തൃശൂർ പി. എസ്സ്. എൻ. കമ്പനിയിൽനിന്ന് ഇങ്ങനെ പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓർക്കുന്നില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ചങ്ങനാശേരിയിൽ ഇതു നടപ്പാക്കുന്നതിന് ചുമതലപ്പെട്ടവർ ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ മുനിസിപ്പാലിററി ഉണ്ടെങ്കിൽ നടപ്പിൽവന്നിട്ടുണ്ട്. ലേബർ ഇൻസ്പെക്ടർമാർക്കാണ് അതിന്റെ ചുമതല.

ശ്രീ. കെ. കെ. കുമാരപിള്ള: ഇന്നത്തെ രീതിയിൽ പോയാൽ ഒരു പത്തുകൊല്ലം കൊണ്ടുപോലും അവിടെ ഈ നിയമം നടപ്പാക്കാൻ ഒക്കുകയില്ലെന്ന് അവിടത്തെ ലേബർ ഇൻസ്പെക്ടർ എഴുതിയിട്ടുണ്ടോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അനുചിതമായ ഭാഷയിൽ അവർ എഴുതുകയില്ലെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. കെ. കെ. കുമാരപിള്ള: ചങ്ങനാശേരിയിൽ മങ്കൊമ്പ് എന്ന സ്ഥലത്ത് രാത്രി പത്തു മണിയായാൽപോലും ഷാപ്പുകൾ അടയ്ക്കുന്നില്ലെന്ന് പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആരുടെ പരാതി?

ശ്രീ. കെ. കെ. കുമാരപിള്ള: അവിടത്തെ ആളുകളുടെ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലേബർ ഡിപ്പാർട്ടുമെന്റിൽ അങ്ങനെയൊരു പരാതി കിട്ടിയതായിട്ട് കാണുവാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: കച്ചവടക്കാരിൽനിന്നും വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള പരാതികളേ കിട്ടിയിട്ടില്ല.

Shri P. S. Nataraja Pillai: May I know whether this Act is enforced in the Trivandrum Municipal area?

Shri Panampilli Govinda Menon: Yes, Sir.

Shri P. S. Nataraja Pillai: Is there any agency to supervise the work of the Inspectors?

Shri Panampilli Govinda Menon: The superior officers of the Department.

Shri P. S. Nataraja Pillai: Have the Government received any complaint that this Act is not properly enforced?

Shri Panampilli Govinda Menon: Apart from general complaints like the ones heard in public speeches and in the Legislature, no specific complaint has, to my knowledge, reached me.

Shri P. S. Nataraja Pillai: May I know whether specific complaints have been made to the Labour Department?

Shri Panampilli Govinda Menon: There might have been.

Shri P. S. Nataraja Pillai: If there are specific complaints, is it not the duty of Government to enquire into the matter and get the returns properly?

Shri Panampilli Govinda Menon: Certainly.

ശ്രീ. ഒ. സി. നൈനാൻ: ചില സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുള്ളതു് എന്തെല്ലാം പരിഗണനകളിലാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമയക്ലിപ്തം ഏർപ്പെടുത്തിയാൽ പബ്ലിക്കിനു് ദോഷം നേരിടുമെന്നും, ബിസിനസ്സിനു് തടസ്സമുണ്ടാകുമെന്നുമുള്ളതുകൊണ്ടു് ചില സ്ഥാപനങ്ങൾ ഒഴിവാക്കിയിട്ടുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ: അങ്ങനെ ഒഴിവാക്കുമ്പോൾ അതിൽ കൂടുതൽ സമയം ജോലിചെയ്യുന്നവക്കു് ഓവർടൈം അലവൻസ് കൊടുക്കുന്നുണ്ടോ?

Mr. Speaker: Those are all regulated by provisions in the Act.

ശ്രീ. എൻ. രാജഗോപാലൻ നായർ: മുനിസിപ്പൽ ഏര്യായിൽ ഉള്ള സ്ഥലങ്ങളിൽ മാത്രമേ ഈ ഏർപ്പാടു് ബാധകമാക്കൂ എന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ അങ്ങനെയാണു് ഏർപ്പെടുത്തിയിരിക്കുന്നതു് -മുനിസിപ്പൽ നഗരങ്ങൾ കഴിഞ്ഞിട്ടേ മററു് സ്ഥലങ്ങളുടെ കാര്യം തീർച്ചപ്പെടുത്തുകയുള്ളൂ.

ശ്രീ. പി. ഭാസ്കരൻ നായർ: ഇതു് ബാധകമാകുന്ന സ്ഥലങ്ങളിലും ചിലയിടത്തു എട്ടു് മണിക്കൂറിൽ കൂടുതൽ സമയം ജോലിചെയ്യിക്കുന്നുണ്ടെന്നു് ബോദ്ധ്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബോദ്ധ്യമില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: എട്ടു് മണിക്കൂറിൽ കൂടുതൽ സമയം ജോലിചെയ്യിക്കുന്നുണ്ടെന്നു് പരാതിപ്പെട്ടാൽ എന്തെങ്കിലും നടപടികൾ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിശ്ചയമായും നടപടിയെടുക്കും.

ജഡ്ജിമാരുടെ നിയമനം.

*൯൰൩ [൧൨] ശ്രീ. സി. അച്ചുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംയോജനത്തിനുശേഷം സർവ്വീസിൽ നിന്നുള്ള എത്ര മുൻസിഫ്മാർക്ക് ജഡ്ജിമാരായി പ്രമോഷൻ കൊടുത്തിട്ടുണ്ട്;

(ബി) അതിൽ കൊച്ചി വിഭാഗത്തിൽനിന്ന് എത്ര; തിരുവിതാംകൂർ വിഭാഗത്തിൽ നിന്നെത്ര;

(സി) ജഡ്ജിമാരുടെ തസ്തികകളിലേക്ക് സർവ്വീസിൽനിന്ന് റിക്രൂട്ട് ചെയ്യുന്നതിന് എത്ര ശതമാനം നീക്കിവച്ചിരുന്നു? ബാറിൽ നിന്നുള്ള റിക്രൂട്ടുമെൻറിന് എത്ര ശതമാനം;

(ഡി) ഈ ശതമാനത്തിൽ വല്ല മാററവും ഇയ്യിടെ വരുത്തുകയുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ത്; അതിനെ സംബന്ധിച്ച് ഹൈക്കോടതിയുടെ അഭിപ്രായമെന്താണ്;

അഭ്യന്തരകാര്യ മന്ത്രി ശ്രീ. (ടി. എം. വർഗ്ഗീസ്):

(എ) ഏഴ്.

(ബി) കൊച്ചി വിഭാഗത്തിൽനിന്ന് ഒന്നും, തിരുവിതാംകൂർ വിഭാഗത്തുനിന്ന് ആറും.

(സി) ബാറിൽനിന്നും സർവ്വീസിൽ നിന്നും ജഡ്ജിമാരായി നിയമിക്കുന്നതിനുള്ള അനുപാതം ൧:൧ ആണ്. കൊച്ചീവിഭാഗത്തിൽ ഇതുപോലെയൊരു വ്യവസ്ഥയുണ്ടായിരുന്നില്ല. സംയോജനത്തിനുശേഷം തിരുവിതാംകൂർ കൊച്ചി ഒരു യൂണിററായി കരുതിയാണ് ഡിസ്ട്രിക്ട് ജഡ്ജിമാരെ നിയമിച്ചിട്ടുള്ളത്.

(ഡി) മാററമൊന്നും വരുത്തിയിട്ടില്ല.

ശ്രീ. സി. അച്ചുതമേനോൻ: ഇതിൽ മാററംവരുത്താനുള്ള വല്ല പ്രൊപ്പോസൽസും ഹൈക്കോടതിയിൽനിന്ന് കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: കിട്ടിയതായിട്ട് ഓർമ്മയില്ല.

ശ്രീ. സി. അച്ചുതമേനോൻ: ഈ കാര്യത്തെപ്പററി ഹൈക്കോടതിയുടെ അഭിപ്രായം എന്താണെന്ന് ഗവണ്മെൻറ് ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതൊന്നും ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. സി. അച്ചുതമേനോൻ: മാററം വരുത്തണമെന്ന് ഗവണ്മെൻറിൽനിന്ന് വല്ല പ്രൊപ്പോസൽസും ഹൈക്കോടതിയിലേക്കയച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഹൈക്കോടതിയുടെ ഉപദേശം ഇതിൽ ആവശ്യപ്പെട്ടിട്ടില്ല. റിക്രൂട്ടുമെൻറിന് പുതിയ റൂൾസുണ്ടാക്കുവാനുള്ള ശ്രമം ഗവണ്മെൻറ് നടത്തുന്നുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: ഹൈക്കോടതിയിലെ പ്രൊപ്പോർഷൻ മാററണമെന്ന അഭിപ്രായം ഗവണ്മെൻറിനുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ൧:൧ എന്ന അനുപാതം മാററണമെന്നുള്ള കാര്യത്തിൽ ഗവണ്മെൻറ് തീരുമാനമൊന്നും ചെയ്തിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: അതിനെസംബന്ധിച്ച് വല്ല അഭിപ്രായവും ഗവണ്മെൻറിനുണ്ടോ?

Mr. Speaker: You are simply stretching the question.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഹൈക്കോടതിയിൽ എത്ര ജഡ്ജിമാരുടെ സ്ഥാനങ്ങൾ ഒഴിവുണ്ട്?

ശ്രീ ടി എം. വർഗ്ഗീസ്: ഒന്ന്.

ശ്രീ എൻ. രാജഗോപാലൻ നായർ: എത്ര ജഡ്ജിമാരുടെ സ്ഥാനമാണുള്ളത്?

ശ്രീ. ടി. എം. വർഗ്ഗീസ്: എട്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇപ്പോൾ എത്ര ജഡ്ജിമാരുണ്ട്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഏഴ് പേരുണ്ട്. ഒരാൾ അവധിയിലാണ്.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഒരാൾ അവധിയിലായിട്ട് എത്രനാളായി?

Mr. Speaker: The question is disallowed.

ശ്രീ. ഒ. സി. നൈനാൻ: ഡിപ്പാർട്ടുമെൻറിൽനിന്നും റിക്രൂട്ട് ചെയ്തിട്ടുള്ളവരുടെ ജോലിയുടെ സ്വഭാവത്തെ സംബന്ധിച്ച് വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി എം. വർഗ്ഗീസ്: ഇല്ല.

ശ്രീ. ഒ. സി. നൈനാൻ: അവർ കൂടുതൽ യോഗ്യതയുള്ളവരാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: യോഗ്യതയില്ലാത്തവരായിരിക്കാൻ ഇടയില്ല

ശ്രീ. എ. താണുപിള്ള: ജഡ്ജിമാരെ നിയമിക്കുന്നത് തിരുവിതാംകൂറും കൊച്ചിയും ഒററ യൂണിററായിട്ട് നിശ്ചയിച്ചല്ലേ?

ശ്രീ ടി. എം. വർഗ്ഗീസ്: അതേ.

ശ്രീ. എ. താണുപിള്ള: ഈ ഏഴ്പേരിൽ മുൻസിഫന്മാരായിരുന്ന എത്ര പേരുണ്ട്; ബാറിൽനിന്ന് എത്രപേരെ എടുത്തു?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിൻെറ രേഖ കൈവശമില്ല.

Appointment of clerks in the Secretariat.

*927. [32] **Shri P. S. Nataraja Pillai**: Will the Chief Minister be pleased to state:

(*a*) whether Government have invited applications for appointment as clerks in the Secretariat on Rs. 45-75 by notice dated 7-7-1952;

(*b*) whether the Government requested the Public Service Commission to make the selection; if so the date of the request;

(*c*) the number of places to be filled up; and

(*d*) the necessity for the urgent recruitment?

Chief Minister (**Shri A. J. John**): (*a*) Yes.

(*b*) On 23-10-1951 the Public Service Commission was requested to recruit twelve condidates for appointment as acting clerks on Rs. 45-75 in the Secretariat.

(*c*) At present there are seventeen vacancies.

(*d*) To fill up vacancies consequent on the grant of leave for higher studies to certain clerks of the Secretariat and the available vacancies consequent on the formation of a new Planning Section consisting of one Superintendent and six clerks.

Shri P. S. Nataraja Pillai: Referring to part (*b*) of the answer, did the Government get any nomination from the Public Service Commission?

Shri A. J. John: No, the Public Service Commission authorised the Government to make the selection.

Shri P. S. Nataraja Pillai: Why do the Public Service Commission delay the nomination?

Shri A. J. John: On account of the fact that certain rules in regard to such selections have not been framed, the Public Service Commission is not in a position to make the selections.

Shri P. S. Nataraja Pillai: Is it the opinion of the Public Service Commission that because the rules have not been framed that the Government may make the appointments?

Shri A. J. John: They referred to the question about the selection of backward communities. That question has not been finally decided and so they said that the Government may make the appointments provisionlaly now.

Shri P. S. Nataraja Pillai: May I know whether the Public Service Commission has said de^nitely that they are not in a position to make the nominations? Is it not the duty of the Public Service Commission.—

Shri A. J. John: Candidates can be advised for recruitment only after the rules under Article 16 (4) of the Constitution have been framed. Meanwhile provisional appointments were to be made by the Government.

Shri P. S. Nataraja Pillai : Is it because the Government did not pass final orders that this right of appointment has come to Government ?

Shri A. J. John : These are only provisional appointments.

Shri P. S. Nataraja Pillai : They may be provisional or permanent. But is it due to the dereliction of duty on the part of Government that this right of appointment has devolved on Government ?

Shri A. J. John : It is not a right of appointment. Government is asked to make provisional appointment. that is all

Shri P. S. Nataraja Pillai : Are not these rules pending for the last one year ? Was not an examination held in the meanwhile ?

Shri A. J. John : A committee has been appointed for the purpose. They have submitted a provisional report. The final report is pending.

Shri P. S. Nataraja Pillai : But why did the Public Service Commission hold an examination after this date, namely, 23-10-1951 ?

Shri A. J. John : I claim notice.

പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള കടലാസുകൾ.

*൯൨൭. [൩൩] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ;

(എ) പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള കടലാസുകൾ സപ്ലൈ ചെയ്യുന്നതിന് ടെൻഡറുകൾ വിളിച്ചിരുന്നുവോ;

Shri A. Thanu Pillai: There might have been. It is only an Estimates Committee elected by this House that can go into the present supplementary demands. The Finance Committee went out of existence when the new elections were held. The old Finance Committee could not function after the elections were held and this Legislature came into being. So, when this legislature came into being, the first thing that we should have done was to form an Estimates Committee, It was not done. Anyway, now an Estimates Committee has been constituted. hon. Ministers know that, and they should have waited and placed their additional proposals for the consideration of the Estimates Committee. Then the matter could have been dealt with fully. This House is not expected to go into every detail in full, and that is why we have provided for the constitution of an Estimates Committee. Now, the Government do not want really to place all these matters in detail before this House. They want somehow to get on with some kind of gruel placed before the House. That is the way in which the Government are viewing things. Simply because they have got a majority, all these are going to be passed; I have no doubt about it, but then, that is not the way in which finances should be dealt with. They should have placed their proposals before the Estimates Committee. Where it is the hurry? I can understand that in one or two cases, might not have been easy or convenient to consult the Estimates Committee, as the Committee was formed very late. But in respect of most of the supplementary demands now placed before the House—nearly Rs. 1 crore they could

very well have been allowed to be dealt with by the Estimates Committee. That has not been done. I place this matter for consideration of the House and the Government, because I want to see that the finances are properly dealt with. It is not any kind of slipshod dealing in these matters that is expected of the Government. Therefore it is that I say that the Government are not at all careful in these matters.

Now, to come to the specific matter, furniture to the value of Rs. 40,000 has already been purchased. I wish to know why the Government allowed the Board of Revenue to purchase furniture to the value of Rs. 40,000, when the amount that the Government was prepared to sanction in the current year was only Rs. 20,000 with whose sanction did they purchase it? Did the Government sanction it? And could the Government have sanctioned it without the sanction of this House? These are the questions that arise. So, one is tempted, Sir, to oppose all this. This is not the way in which the finances should be dealt with.

I do not want to say anything more in regard to this demand at this stage.

Mr. Speaker: I had brought to the notice of the House that one day--that is, today is allotted for the supplementary demands. After 5 o' clock, the demands will be put to the vote of the House. If the hon. Members think that there has been sufficient discussion about this particular demand, it may be put to the vote.

The question that a supplementary sum not exceeding Rs. 42,400 be granted under Demand I--"13 other taxes and duties" was put and carried.

The grant was made.

The House rose for lunch at 1. 0 P. M. and reassembled at 2. 0 P. M. with Mr. Speaker in the Chair.

DEMAND II—7 LAND REVENUE.

Minister for Finance and Civil Supplies (**Shri Panampilli**
2 P. M. **Govinda Menon**): I move that an additional amount of Rs. 52,000 be granted to Government under 7 Land Revenue under Demand II.

Under "c Survey, Settlement and records operation, Contingencies for Survey Class," an amount of Rs. 2,900 has been provided under the original budget. On a review of the question it was found that an additional amount of Rs. 2, 000 would be required.

Under the same head, another sum is also required. The sum of Rs. 50,000 is intended for eviction of encroachments on Government land and for demarcation of Government lands. There have been many complaints in our State that various land and other Government lands are being encroached

[Shri Panampilli Govinda Menon]

upon by people without any authority or title to do. so. It is necessary to evict them. More than that, it is necessary to conduct a scheme for demarcating the Government lands from other lands For that purpose, an amount of Rs. 50,000 is required. I pray that the House may be pleased to grant this amount to Government

Shri P. S. Nataraja Pillai: On a matter of information. Is the first item, asking for Rs. 2.000, intended for survey or what is it exactly? And what is the additional necessity for the amount under contingency? What is the nature of the additional expenditure?

Shri Panampilli Govinda Menon: Over and above what was sanctioned last year, a special temporary staff has been sanctioned for the purpose of survey classes. The contingency amount is also intended for the survey classes.

Shri P. S. **Nataraja Pillai**; May I know whether it is not included in the general Administration? I think a sum has been included in some other Demand for some six or nine officers.

Shri Panampilli Govinda Menon: No.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഒറിജനൽ ബഡ്ജററ് കൊണ്ടുവരാതെ സപ്ലിമെൻററി ഡിമാൻററായി കൊണ്ടുവരുന്നതു ന്യായമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന് ആർട്ടിക്കിൾ ൨൦൪-ൽ പ്രൊവിഷനുണ്ട്.

Mr. Speaker: In the ruling on the point of order raised by Shri E. P. Varghese, I dealt with all these aspects. I hope the Member recollects them now.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : സർ, *ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഈ നാട്ടിലെ സാധുക്കളായ ജനങ്ങളെ കുടിയിറക്കുന്നതിനു വേണ്ടിയുള്ള ചെലവിലേക്കായി കൊണ്ടുവരപ്പെട്ടിരിക്കുന്ന ഒരു ധനാഭ്യർത്ഥനയാണിതു്. ഈ നാട്ടിന്റെ നാനാഭാഗങ്ങളിലുമായി പുറമ്പോക്കുസ്ഥലങ്ങളിലും റിസർവ്വുവനങ്ങളിലും മററുമായി പതിനായിരക്കണക്കിനുള്ള സാധുക്കൾ, സ്വന്തമായി സ്ഥലമില്ലാത്തവർ കുടികിടപ്പുകാരായി താമസിച്ചുവരുന്നുണ്ട്. അവരെ ആ സ്ഥലങ്ങളിൽനിന്നും ഇറക്കിവിടുന്നതിന് ഈ ഗവണ്മെൻറു തയ്യാറെടുത്തുവരികയാണെന്ന് മന്ത്രിമാർ പ്രസ്താവിക്കയുണ്ടായിട്ടുണ്ട് ചില സ്ഥലങ്ങളിൽ ഈ കുടിയിറക്കൽപരിപാടി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സർ, ഞങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങളെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഗവണ്മെൻറുവക സ്ഥലങ്ങൾ വെറുതെ കിടന്നിരുന്നതിൽ പ്രവേശിച്ചു കാടും മേടും തെളിച്ചു കൃഷിചെയ്തുവരുന്നവരെ, വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും ഇറക്കിവിടുന്നതാണെന്ന് മന്ത്രിമാർ പ്രസ്താവിക്കുന്നു. സർ, ഈ രാജ്യത്തു് സ്വന്തമായി ഒരു സെൻറ് സ്ഥലംപോലുമില്ലാത്ത വെള്ളംകോരുന്നവരും വിറകുവെട്ടുന്നവരുമായ പതിനായിരക്കണക്കിനുള്ള പാവപ്പെട്ടവരുടെ നേരെയാണ് ഗവണ്മെൻറു ഇന്നു നിയമം നടത്താൻ മുതിർന്നിരിക്കുന്നതു്.

പാവപ്പെട്ടവർ അദ്ധ്വാനിച്ച് കാടും മേടും കൃഷിക്ക് ഉപയുക്തമാക്കിത്തീർക്കുമ്പോൾ ആ വക സ്ഥലങ്ങൾ അധികാരസ്ഥാനങ്ങളിലിരുന്നുകൊണ്ട് സ്വന്തക്കാരുടെയും മററും പേരിൽ പതിച്ചുകൊടുക്കുന്ന ഒരു പാരമ്പര്യം ഈ രാജ്യത്തു പണ്ടേ പുലർത്തിവരുന്നതാണ്. സർ, പഴയ ആ പാരമ്പര്യം തുടരുന്നതിനു വേണ്ടിയാണ് ഇപ്പോൾ ഈ ഒഴിപ്പിക്കൽ നടപടി ഗവൺമെൻറ് സ്വീകരിക്കാൻ പോകുന്നത് എന്നു ഞങ്ങൾ ബലമായി സംശയിക്കുന്നു.

ശ്രീ. പരീതു രാവുത്തർ : സ്വന്തമായിട്ട് സ്ഥലമില്ലാത്തതുകൊണ്ട് വേറെ ഭൂമി കൊടുക്കുകയാണെങ്കിൽ അതിൽ വേറെ ആൾ പ്രവേശിക്കുന്നപക്ഷം ഗവൺമെൻറ് എന്തുചെയ്യണം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : സ്വന്തമായി സ്ഥലമില്ലാത്തവരാണ് ഇങ്ങനെ കുടിയേറിപ്പാർക്കുന്നവരിൽ അധികവും. ഒരു പക്ഷെ അവർ അധികാരസ്ഥാനങ്ങളിൽനിന്ന് അനുമതി വാങ്ങിയിട്ടില്ലായിരിക്കും. മുകുന്ദപുരം താലൂക്കിലും തൃശ്ശൂർതാലൂക്കിലും മലയോരങ്ങളിൽ എത്രയോ പാവപ്പെട്ടവർ ഇതുപോലെ കുടിയേറി കൃഷിചെയ്തു താമസിച്ചുവരുന്നുണ്ട്. അവരിൽ പലരും കച്ചീട്ടൊന്നും വയ്ക്കാത്തവരായിരിക്കാം. അവർ അവിടെ കുടികെട്ടി കൃഷിചെയ്തു താമസിക്കാൻ തുടങ്ങിയിട്ടു വളരെക്കാലമായിട്ടുണ്ട്. ഇതേ സമയത്തുതന്നെ അവിടെ സ്വാധീനമുള്ളവരും പ്രബലന്മാരുമായ കുറെ ആളുകൾ അവിടത്തെ റിസർവ്വവനങ്ങളിൽ നൂററുകണക്കിനു എത്ര സ്ഥലം റിസർവ്വ് ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ചു കൈവശമാക്കിയിട്ടുണ്ട്. അവിടത്തെ ഒരു ഡെപ്യൂട്ടി കൺസർവേറററ്‍തന്നെ അയാളുടെ സ്വന്തക്കാർക്കായി നൂററുക്കണക്കിനും അൻപതു കണക്കിനുംഏക്കർ സ്ഥലങ്ങൾ ഏല്പിച്ചുകൊടുത്തിട്ടുള്ളതായി ഞങ്ങൾക്കു തെളിയിക്കാൻ സാധിക്കും. എന്നാൽ അതേ സമയത്തു സാധുക്കളായവർക്കു ഒരു സെൻറ് സ്ഥലമെങ്കിലും കൊടുക്കാൻ ഈ ഉദ്യോഗസ്ഥൻ സന്നദ്ധനായില്ല. എന്നിട്ടും ഗതിയില്ലാത്തവരും കാടുകയറി കൃഷിനടത്തുന്നുണ്ട്. ഇങ്ങനെ അനേകം നാളായി കൃഷിചെയ്തു ജീവിച്ചുവരുന്ന പാവപ്പെട്ട കൃഷിക്കാരെയാണ് ഇപ്പോൾ ഗവൺമെൻറ് ഇറക്കിവിടാൻ പോകുന്നത് തൃശ്ശൂർ താലൂക്കിൽ പീച്ചിപ്രദേശത്തും തൊടുപുഴ മൂവാററുപുഴ മുതലായ താലൂക്കുകളിലും എല്ലാം ഇത്തരത്തിൽകൂടി കയറിതാമസിക്കുന്നവർ വളരെയുണ്ട്. ഇതു് ഇന്നു വളരെ ഗൌരവതരമായ ഒരു പ്രശ്നമായി തീർന്നിരിക്കയാണ്. ഇതിനെ ഒരിക്കലും നിസ്സാരമായി വരുത്തിക്കൂടാത്തതാണ്.

അടുത്തദിവസം ഞാൻ നെയ്യാററിൻകരതാലൂക്കിൽപെട്ട കാണിപ്പററ ഭൂമികൾ സന്ദർശിക്കയുണ്ടായി. അവിടത്തെ പാവപ്പെട്ടവരായ കുറെ കൃഷിക്കാർ ആ ഭൂമികളിൽ കയറി എത്രയോ കാലമായി താമസിച്ചുവരുന്നുണ്ട്. എന്നാൽഇന്ന് അവരുടെ കൈവശത്തിലിരിക്കുന്നതും അവർ കൃഷിചെയ്യുന്നതുമായ ആ ഭൂമികളിൽ ആ നാട്ടിലെ സ്വാധീനശക്തിയുള്ള ചിലർ അവകാശങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്നുപറയുന്നു. ഈ പാവപ്പെട്ടവർ അദ്ധ്വാനിച്ചുണ്ടാക്കുന്നതായ നെല്ല് ഇന്നു പാർവത്യകാരന്മാർ യാതൊരു ദാക്ഷിണ്യവും കൂടാതെ ഗവൺമെൻറിലേക്കു എടുത്തുവരുന്നു. എന്നാൽ പാർവ്വത്യകാരന്മാരുടെ ആവശ്യപ്രകാരമുള്ളതു അളന്നുകഴിഞ്ഞാൽ ബാക്കിയുള്ള പത്തോ പതിനഞ്ചോ പറ നെല്ലു ഈ കൃഷിക്കാർക്കു വിട്ടുകി

[ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ.]

ട്ടണമെങ്കിൽ ഗവണ്മെൻറിലേയ്ക്കു അളക്കുന്ന നെല്ലിന് അവർ വില വാങ്ങാൻ പാടില്ലെന്നാണത്രെ അവിടത്തെ ചട്ടം. ഇങ്ങനെ കേൾപ്പാനും കേൾവിയുമില്ലാത്ത മട്ടിൽ ഈ പാവപ്പെട്ടവരെ ഇന്നു കൊള്ളയടിക്കുകയാണ്. ഈ തിരുവിതാംകൂർ വിഭാഗത്തു മാത്രം പന്ത്രണ്ടു ലക്ഷത്തോളം ഏക്കർ തരിശുഭൂമിയുണ്ടെന്നാണെനിക്കറിയാൻ കഴിഞ്ഞതു്. ഇതിൽ ഗണ്യമായ ഒരു ഭാഗം കൃഷിക്കു പ്രയോജനപ്പെടുത്താവുന്നതാണെന്ന കാര്യം തീർച്ചയാണ്. സ്വന്തമായി കൃഷിചെയ്യാൻ ഭൂമിയില്ലാത്തവർക്ക് കർഷകത്തൊഴിലാളികൾക്കായി ഈ സ്ഥലങ്ങൾ പതിച്ചുകൊടുക്കുകയും അവർക്കു കൃഷി ചെയ്യുന്നതിനു ധനസഹായം ചെയ്തുകൊടുക്കുകയുമാണ് ഈ ഗവണ്മെൻറ് ഇന്നു ചെയ്യേണ്ടതു്. അങ്ങിനെയുള്ള ഒരു പദ്ധതി ഈ ഒഴിപ്പിക്കൽ നടപടിയുടെ പിന്നിൽ ഉള്ളതായി ഞങ്ങൾക്കു കാണാൻ കഴിയുന്നില്ല

ഹരിജനങ്ങളിൽപ്പെട്ടവരെ അനധികൃതമായികുടിയേറിപ്പാർത്തിട്ടുള്ളവരാണെങ്കിലും കഴിയുന്നതും കുടി ഒഴിപ്പിക്കുന്നതല്ലെന്നു മന്ത്രി പറയുകയുണ്ടായി. പക്ഷെ ഞങ്ങളുടെ അനുഭവം നേരെ മറിച്ചാണ്. അടുത്തുനടന്ന പൂവക്കം സംഭവംതന്നെ ഇതിനു ദൃഷ്ടാന്തമാണ്. അതേക്കുറിച്ച് മന്ത്രി പറഞ്ഞതു് ഗവണ്മെൻറിൻെറ അന്തസ്സു പാലിക്കാൻവേണ്ടി അപ്രകാരം കുടിയിറക്കി എന്നാണ്. ഏതായാലും അതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാൻവേണ്ടിയാണ് ഈ തുക ഇവിടെ കൊള്ളിച്ചിരിക്കുന്നതു് എന്നതു സ്പഷ്ടമാണ്. അതിനെ അനുകൂലിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല. അതുകൊണ്ടു ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊള്ളുന്നു.

ശ്രീ. പി. ഭാസ്കരൻനായർ: അൻപതിനായിരം രൂപാ കുടിയിറക്കുന്നതിനുവേണ്ടി കൊള്ളിച്ചിരിക്കുന്നതിനെ ഞാൻ വളരെ ശക്തിയായി എതിർക്കുകയാണ്. ഈ കുടിയിറക്കുകൾ നാട്ടിൻെറ നാനാഭാഗത്തും വളരെ കൂടുതലായി ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പല സംഭവങ്ങളും നാം കേട്ടുകൊണ്ടിരിക്കുന്നു. കുടിയിറക്കുകളെ സംബന്ധിച്ച് പലേ സംഭവങ്ങളും ഈ സഭയിൽതന്നെ പറയുന്നതു നാം കേൾക്കുന്നുണ്ടായിരുന്നു. ഗവണ്മെൻറുസ്ഥലത്തു് അനധികൃതമായി കുടിയേറിപ്പാർക്കുന്നതു് ഒരു പക്ഷേ ശരിയല്ലാതിരിക്കാം. എന്നാൽ, സ്വന്തമായി ഭൂമിയില്ലാത്ത പാവപ്പെട്ടവരായ ജനങ്ങൾ വല്ല വനങ്ങളിലും പോയി വെട്ടിക്കിളച്ചു കൃഷി ചെയ്തു താമസിക്കുമ്പോൾ നീതി നടത്തേണ്ട ഗവണ്മെൻറ് യാതൊരു കാരണവുംകൂടാതെ നീതിയേയും നിയമത്തേയും ഒരു വശത്തേക്കു മാററിവച്ചുകൊണ്ടു് പോലീസിനെക്കൊണ്ടു കുടിയിറക്കി, നിരാശ്രയരാക്കി പെരുവഴിയിലേക്കിറക്കിവിടുന്ന സംഭവങ്ങൾ എത്രയാണ് നാം കേട്ടുകൊണ്ടിരിക്കുന്നതു്.

ഈ അടുത്ത ദിവസം മീനച്ചൽതാലൂക്കിൽ ഉഴവൂർ പകുതിയിൽ പൂവക്കുളം എന്ന സ്ഥലത്തു് സ്വന്തം ഭൂമിയില്ലാത്തവരും കുടിയേറിപ്പാർത്തിരുന്നവരുമായ വ്യ ൭ കുടുംബങ്ങളെ, അതും പിന്നോക്കസമുദായത്തിൽപെട്ടവരെ, പെരുമഴയത്തു കുടിയിറക്കിവിട്ടതായി ഒന്നുരണ്ടു ദിവസംമുമ്പ് ചില ചോദ്യങ്ങൾക്കുത്തരമായി ഇവിടെ പ്രസ്താവിക്കയുണ്ടായി. അവരെ അങ്ങനെ ഇറക്കിവിട്ടതെന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ അവർ അനധികൃതമായി കുടിയേറിത്താമസിച്ചതുകൊണ്ടും, ഇവിടെ ഒരു സർക്കാ

രുണ്ടെന്നു കരുതാതെ അവർ ധിക്കാരം കാണിച്ചതുകൊണ്ടും ആണ് അങ്ങിനെ ചെയ്യുതെന്നു വീരോടുകൂടി മന്ത്രി മറുപടി പറയുകയുണ്ടായി. എന്നാൽ ഈ സ്ഥലം പിന്നാക്കസമുദായക്കാർക്കായി പതിച്ചുകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതായി ഗവണ്മെൻറ ഭാഗത്തുനിന്നുംതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. അങ്ങിനെ പ്രസ്താവിച്ചിട്ടുള്ള ഗവണ്മെൻറാണ് ഇപ്രകാരം പിന്നാക്കസമുദായക്കാരോടു നിർദ്ദയം പ്രവർത്തിച്ചിട്ടുള്ളതു്.

ഗവണ്മെൻറ് ഇന്നു പാവപ്പെട്ടവർക്ക് വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതായി പറയുമ്പോൾ ഉള്ള വീടുകൾതന്നെ, അതായതു സാധുക്കൾ കെട്ടിയുണ്ടാക്കിയിട്ടുള്ളതായ വീടുകൾ പൊളിച്ചുകളഞ്ഞു ഇങ്ങനെ പാവങ്ങളെ കണ്ണുനീരും കൈയുമായി പെരുവഴിയിലേയ്ക്കു തള്ളിവിടുകയും ചെയ്യുന്നു. ഇങ്ങനെ നിരാലംബരായ കർഷകത്തൊഴിലാളികളെയും മറ്റും ഇറക്കിവിടുന്നതിനായി ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ പക്കൽനിന്നും ഈടാക്കുന്ന നികുതിയിൽനിന്നു ൫൦,൦൦൦ രൂപ ചെലവഴിക്കുന്നതു് ഒരിക്കലും ന്യായീകരിക്കാൻ നിവൃത്തിയില്ല.

വണ്ടൻമേട്ടിൽ ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാൻെറ ആഹ്വാനമനുസരിച്ചു് അറിടെപ്പോയി കൃഷിചെയ്തു് താമസിക്കുന്നവരെ അവിടെനിന്നും ഇപ്പോൾ ഒഴിപ്പിക്കാൻ ശ്രമിക്കുന്നതായി അറിവായിരിക്കുന്നു. കഴിഞ്ഞ മൂന്നുകൊല്ലക്കാലമായി കാടും മേടും തെളിച്ചു് അവിടെ കൃഷിചെയ്തുവന്നവരും ഈ നാട്ടിലെ കൃഷി വർദ്ധിപ്പിക്കുന്നതിനു അദ്ധ്വാനിച്ചിട്ടുള്ളവരുമാണ് അവർ.

ശ്രീ. വാസുദേവൻ പിള്ള: അനധികൃതമായി പ്രവേശിച്ചിട്ടുള്ളവർ വണ്ടൻമേട്ടിൽ ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. പി. ഭാസ്കരൻനായർ: ഞാൻ അന്വേഷിച്ചു പറയാം.

ശ്രീ. വാസുദേവൻ പിള്ള: അങ്ങനെ അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെ ഒഴിപ്പിക്കേണ്ടതു ഗവണ്മെൻറിൻെറ ചുമതലയല്ലേ?

ശ്രീ. പി. ഭാസ്ക്കരൻ നായർ: സ്വന്തമായി ഭൂമിയില്ലാത്തവരെ സംബന്ധിച്ചിടത്തോളം അവരെ ഒഴിപ്പിക്കുന്നതു ന്യായമല്ല.

ശ്രീ. പി. കെ. രാമചന്ദ്ര ദാസ്: അനധികൃതമായി പ്രവേശിക്കുന്നതുകൊണ്ടു് പാവപ്പെട്ടവർക്ക് ഭൂമി ലഭിക്കുന്നില്ലെന്നറിയാമോ?

ശ്രീ. പി. ഭാസ്ക്കരൻ നായർ: അതെനിക്കറിഞ്ഞുകൂടാ. വണ്ടൻമേട്ടിൽ കൃഷിചെയ്യുന്നതിലേയ്ക്കു ഗവണ്മെൻറതന്നെ, ആഹ്വാനംചെയ്തു് ജനങ്ങളെ കൊണ്ടുപോയിട്ടുള്ളതാണ്. പക്ഷേ, അവർക്കു രേഖകൾ ഒന്നും നൽകിയിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ അവിടെ വളരെപ്പേരെ കുടി ഇറക്കിവിടുന്നതായി കേൾക്കുന്നു. ഇനിയും ഇറക്കുമെന്നും ഗവണ്മെൻറ പറയുന്നു

കോട്ടയത്തു മൂന്നു തലമുറകളായി ൱൦ കൊല്ലത്തോളംകാലം നഗരാതിർത്തിക്കുള്ളിൽ അഞ്ചര ഏക്കർ പുറമ്പോക്കുസ്ഥലത്തു താമസിച്ചിരുന്ന ഇരുപത്തിരണ്ടു കുടുംബങ്ങളെ കുടി ഇറക്കിവിടുകയുണ്ടായി. അവർ വളരെ വളരെ പ്രാവശ്യം അവരുടെ പേരിൽ ആ സ്ഥലം പതിച്ചുകൊടുക്കണമെന്നു് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആരും പതിച്ചുകൊടുത്തില്ല.

[ശ്രീ പി. ഭാസ്കരൻ നായർ.

പതിച്ചുകൊടുക്കുന്നതിനു ഒരു ആർഡർ ഉണ്ടായപ്പോൾ റവന്യൂഅധികാരികളിൽ ചിലർ കൈക്കൂലി ആവശ്യപ്പെട്ടു. അവർ കൊടുക്കാതിരുന്നതു മൂലം അതു് അവർക്കു പതിച്ചുകൊടുത്തതുമില്ല. അങ്ങനെ ഈ പാവങ്ങൾക്കു് സർക്കാരിന്റെ ആ ഉത്തരവു് നിറവേററിക്കിട്ടുന്നതിനു സാദ്ധ്യമായതുമില്ല.

അതിനുശേഷം പല മന്ത്രിസഭകൾ വന്നു. അവരുടെ അടുക്കൽ നിവേദനങ്ങൾ നടത്തി, അവർ അനുഭാവപൂർവ്വം മറുപടി പറഞ്ഞു. പക്ഷേ, ഒടുവിൽ മേൽപ്പറഞ്ഞ സ്ഥലം പുറമ്പോക്കാണെന്നും ആ ഏഴകളുടെ പ്രവേശനം അനധികൃതമാണെന്നുംപറഞ്ഞുകൊണ്ടു് അവരെ ഇറക്കിവിട്ടു. അവർക്കു് എല്ലാവർക്കും വേറെ സ്ഥലം കൊടുത്തിട്ടുമില്ല.

Shri. A. Ckidambaranatha Nadar : I will say one thing for the information of the Member. Those who applied were given lands.

ശ്രീ. പി. ഭാസ്കരൻ നായർ: അവിടെ ൩൦ കുടുംബങ്ങൾ താമസിച്ചിരുന്നു. അതിൽ ൧൨ കുടുംബങ്ങൾക്കു മുൻപുതന്നെ സ്ഥലംകൊടുത്തിരുന്നു. ബാക്കിയുള്ള ൧൮ കുടുംബങ്ങളിൽ കുറേപ്പേർക്കുമാത്രം (൪ ൨/൩) നാലും മൂന്നിൽ രണ്ടു സെൻറ സ്ഥലംവീതം കൊടുത്തു. ബാക്കിയുള്ളവർക്കു കൊടുത്തിട്ടില്ലെന്നാണു് ഞാൻ അറിയുന്നതു്. ഏതായാലും പാവങ്ങളെ പുറമ്പോക്കുകളിൽനിന്നും ഇറക്കിവിടുന്നതിനു തൽപ്പരകക്ഷികൾ ശ്രമിക്കുന്നതിനെ ഗവണ്മെൻറ് അനുകൂലിക്കരുതു എന്നു മാത്രമേ എനിക്കു പറയുവാൻ സാധിക്കുകയുള്ളൂ. ഇങ്ങനെ സാധുക്കളായ, പ്രത്യേകിച്ചു് പിന്നാക്കസമുദായക്കാരായ ആളുകൾക്കു് കുടിയിറങ്ങിപ്പോകേണ്ടതായി വന്നിട്ടുണ്ടു്. കുടിയിറക്കുനിരോധനമേർപ്പെടുത്തിയ സർക്കാർ നേരിട്ടു കുടിയിറക്കി ഈ വിധത്തിൽ വേലിതന്നെ വിളവുതിന്നുന്ന ഒരു സമ്പ്രദായമാണു് ഇന്നു നിലവിലുള്ളതു്. വളരെ അത്യാവശ്യമല്ലാത്ത സ്ഥലങ്ങളിൽ നിന്നുപോലും ഗവണ്മെൻറിനെ അനുകൂലിച്ചു നില്ക്കുന്ന ചില ആളുകളുടെ ഔൽസുക്യംകൊണ്ടു് സാധുക്കളെ കുടിയിറക്കിയിട്ടുള്ളതായി അറിയാം. ഇങ്ങനെ ജനദ്രോഹംചെയ്യുന്ന കാര്യത്തെപ്പററി ഗാഢമായി ആലോചിക്കണം. അല്ലെങ്കിൽ അഗതികൾക്കു യാതൊരു രക്ഷയുമില്ലായെന്നുള്ള പരിതഃസ്ഥിതിയാണു് സംജാതമാകുന്നതു്. ഈ നാട്ടിൽ യാത്രക്കാരുടെ ആവശ്യത്തിനു് ഉപയുക്തമാകേണ്ട സത്രങ്ങളിൽ സൗകര്യമായി കുടിയേറി താമസിക്കുന്ന പോലീസുകാരെ അവിടെനിന്നും കുടിയിറക്കാനാണെങ്കിൽ ഇതിനോടു അനുകൂലിക്കാമായിരുന്നു. എന്നാൽ ദരിദ്രരായ പിന്നാക്കസമുദായക്കാരെ അവർ കുടികിടക്കുന്ന സ്ഥലങ്ങളിൽനിന്നും ഇറക്കിവിടുന്നതിനാണു് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. ഇതിനോടു യോജിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ, കുമാര പിള്ള: സർ, ഗവണ്മെൻറ ഭൂമിയിൽ അനധികൃതമായി പ്രവേശിച്ചിട്ടുള്ള ആളുകളെ അവിടെനിന്നും ഇറക്കിവിടുന്ന ആവശ്യത്തിലേയ്ക്കാണു് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതെന്നു് ബഹുമാനപ്പെട്ട മെംബർ പറഞ്ഞു. സർക്കാർ ഭൂമിയിൽനിന്നും പാവപ്പെട്ടവരെ ഇറക്കിവിടാൻ തുനിയുമ്പോൾ അവർക്കു മററു സൗകര്യങ്ങൾ വല്ലതുമുണ്ടോ എന്നാലോചിക്കേണ്ടതാണു്.

സ്വകാര്യ ഉടമകളുടെ ഭൂമിയിൽ താമസിക്കുന്ന കുടിപാർപ്പുകാരെ നിഷ്ക്കരുണം കുടിയിറക്കിക്കൊണ്ടിരിക്കയാണ്. ഇതിനെ ഫലപ്രദമായി അവസാനിപ്പിക്കാൻ സർക്കാരിനു ഇതുവരെ കഴിഞ്ഞിട്ടില്ല. സർ, പോലീസിന്റെ സഹായവും ഈ ഭൂവുടമകൾക്കു ലഭിക്കുന്നുണ്ട്. സർ, ഇതിനു ഒരു നിയമം ഉണ്ടെന്നുള്ളതു് വാസ്തവംതന്നെ. സ്വന്തമായി ഒരു സെന്റ ഭൂമിപോലും ഇല്ലാത്ത ആളുകളെന്നു പറയുമ്പോൾ തന്നെ സ്വന്തമായി ഈ മാതിരി കേസുകൾ നടത്തുന്നതിനും ആ ആവശ്യത്തിലേയ്ക്കു വേണ്ടി കൈക്കൂലി കൊടുക്കുന്നതിനും മററുമായി യാതൊരു സംഖ്യയും ചെലവാക്കാൻ നിവൃത്തിയില്ലാത്ത ആളുകളാണെന്നു പറയേണ്ടതില്ലല്ലോ. അങ്ങനെ കേസുകൾ നടത്തി വിജയംവരിക്കത്തക്ക പരിതഃസ്ഥിതി പണക്കാർക്കു മാത്രമാണുള്ളതു്. ഈ കേസുകൾ നടത്തുന്നതിനു സാധിക്കുമായിരുന്നെങ്കിൽ ആ സാധുക്കൾ അതിനൊന്നിനും പോകാതെ കയറിക്കിടക്കുന്നതിനു സ്വന്തമായി ഒരു സെന്റ ഭൂമി വാങ്ങിക്കുമായിരുന്നു. അതിനുള്ള കഴിവില്ലാത്തതുകൊണ്ടാണ് മററുള്ളവരുടെ ഭൂമിയിൽ കുടികിടക്കുന്നതു്.

Mr. Speaker : Those who have encroached upon Government land are trespassers and they are to be evicted. It is for that this amount is provided.

Shri K. K. Kumara Pillai : The encroached lands are in the possession of rich men and they could not be evicted. The real position is that. The poor have been exploited by the rich. Sir, I do intend to dialate upon the point under discussion, I was stating these facts as, they form the back ground of the present topic.

ഗവണ്മെന്റസ്ഥലത്തുനിന്നും ആളുകളെ കുടിയിറക്കുന്നതിനു ശ്രമിച്ചുവരുന്നുണ്ട്. സ്വകാര്യ ഉടമകൾ ഈ സാധുക്കളെ അവർ കൃഷിചെയ്തു താമസിക്കുന്ന സ്ഥലങ്ങളിൽനിന്നും ഇറക്കിവിടുന്നതിന് പരിഹാരം ഉണ്ടാകത്തക്കവിധത്തിൽ യാതൊരു പദ്ധതിയും ഗവണ്മെന്റിനില്ല. ഇന്നു നിയമം നടത്തുന്നതു് ഏതു രീതിയിലാണെന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാണല്ലോ. കുറെ ദിവസങ്ങൾക്കുമുൻപു് ഈ നിയമം നടത്തിയിരുന്ന രീതിയെപ്പററി ആക്ഷേപിച്ചു സംസാരിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ ഇതുവരെയായിട്ടും ഒരു മാററം വരുത്തിക്കാണാത്തതിൽ ഞാൻ ഖേദിക്കുന്നു. പുതുവൽസ്ഥലങ്ങൾ പതിച്ചുകൊടുത്ത ആളുകൾ ആ സ്ഥലങ്ങളിൽ അദ്ധ്വാനിച്ചു് കൃഷിചെയ്തു് അതിൽനിന്നും ഉപജീവനമാർഗ്ഗം തേടിത്തുടങ്ങുമ്പോഴേയ്ക്കും, ഗവണ്മെന്റിൽനിന്നും ആ ഭൂമി കുത്തകപ്പാട്ട അടിസ്ഥാനത്തിൽ ലേലത്തിൽ വില്ക്കുകയും പണക്കാരായ ആളുകൾ കൂടുതൽ തുകയ്ക്കു ലേലം വിളിക്കുകയും ചെയ്യുന്നതുകൊണ്ടു് ഈ സാധുക്കൾക്ക് അവിടെ നിന്നും ഇറങ്ങിപ്പോകാതിരിക്കാൻ നിവൃത്തിയില്ല. പാവപ്പെട്ടവർക്കു താമസിക്കുന്നതിന് ഭൂമി കൊടുക്കുന്നതിനുപകരം അവർ താമസിച്ചിരുന്ന സ്ഥലത്തുനിന്നും അവരെ ഇറക്കിവിടുകയാണ് ചെയ്യുന്നതു്. പുറമ്പോക്കു ഭൂമിയിൽ മാത്രമല്ല, സ്വകാര്യഉടമകളിലും ഇതുപോലെ സംഭവിക്കുകയാണെങ്കിൽ അവിടെയും ഗവണ്മെന്റ ഇടപെട്ടു് പാവപ്പെട്ടവനെ ഇറക്കിവിടുകയാണ് ചെയ്യുന്നതു്. ഈ ആവശ്യങ്ങൾക്കാണ് ഇന്നു് ഈ തുക ചോദിച്ചിരിക്കുന്നതു്. ഇതിനെ എല്ലാവരും എതിർക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എൻ. രാജഗോപാലൻനായർ: സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നു. കാരണം ഗവണ്മെന്റുഭൂമി അനധികൃതമായി വച്ചിരുന്ന ആളുകളിൽനിന്നും അവയെ ഗവണ്മെന്റുഭൂമിയായിത്തന്നെ വയ്ക്കുന്നതിനുവേണ്ടിയാണ് ഈ ഡിമാന്റിൽ കൊള്ളിച്ചിരിക്കുന്ന തുക കൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു് എന്നു പറഞ്ഞു. ഗവണ്മെന്റുഭൂമി കയ്യടക്കി വച്ചിരിക്കുന്ന ആളുകളെ അതിൽനിന്നും ഇറക്കിവിടേണ്ടതു് ന്യായമനുസരിച്ചു് അല്ലെങ്കിൽ നിയമം അനുസരിച്ചു ശരിയാണെന്നു മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഗവണ്മെന്റുഭൂമി പതിച്ചുകൊടുക്കുന്നതു് പാവങ്ങൾക്കായിരുന്നെങ്കിൽ ഇതിനെ എതിർക്കാതിരിക്കാൻ ഞങ്ങൾ ശ്രമിക്കുമായിരുന്നു. എന്നാൽ ഒരു വശത്തുകൂടി ഗവണ്മെന്റു ഭൂമിയിൽനിന്നും പാവപ്പെട്ട ആളുകളെ ഇറക്കിവിട്ടുകൊണ്ടിരിക്കുമ്പോൾ മറുവശത്തു നിന്നും ഭൂമികൾ പണക്കാർക്കു് പതിച്ചുകൊടുക്കുന്ന ഒരു രീതിയാണു് ഇവിടെ കണ്ടുവരാറുള്ളതു്. കിടക്കുവാൻ ഒരുസെന്റു സ്ഥലംപോലും ഇല്ലെന്നു പല പ്രാവശ്യവും അപേക്ഷിച്ചിട്ടു് ആ ഭൂമി പതിച്ചുകൊടുക്കാവുന്നതല്ലെന്നു് ഉത്തരവിടുകയും അടുത്ത സമയത്തു് അതേ ഭൂമിതന്നെ ഉന്നതപ്പെട്ടവർക്കു് പതിച്ചുകൊടുക്കുകയും ചെയ്യുന്ന ദൃഷ്ടാന്തങ്ങൾ അനവധിയുണ്ടു്. ഒരു ഭൂമി സാധുക്കളായ ആളുകൾ അപേക്ഷിച്ചിട്ടു് പതിച്ചുകൊടുക്കാവുന്നതല്ലെന്നു മറുപടി കൊടുത്തിട്ടു് അതേസ്ഥലം മററു വല്ലവരുടേയും ചാർച്ചയിലുള്ള ചില പ്രമാണികൾ അപേക്ഷിച്ചാൽ കൺസർവേററർ ഏതു രീതിയിൽ റിപ്പോർട്ടുചെയ്താലും, അതിനു വിപരീതമായി കൂടുതൽ കൂടുതൽ സ്ഥലങ്ങൾ ആ പ്രമാണികൾക്കു പതിച്ചുകൊടുക്കുന്നതായുള്ള ഉദാഹരണങ്ങൾ അനവധിയുണ്ടു്. ഞാൻ ഒന്നു പറയാം. തെൻമലയിൽ ഒററക്കല്ലു് എന്നൊരു സ്ഥലമുണ്ടു്. അവിടെ പത്തുനാല്പതു ആളുകൾ ചേന്നു് കുറെ സ്ഥലങ്ങൾ കൃഷിക്കു കൊള്ളാവുന്നതാണെന്നും ആ സ്ഥലം പതിച്ചു കിട്ടണമെന്നും അപേക്ഷിക്കയുണ്ടായി. കൃഷിഭൂമിയില്ലാത്തവരാണവർ. ആ സ്ഥലം കൃഷിക്കു കൊടുക്കുവാൻ പാടില്ലെന്നു അതിന്മേൽ ഉത്തരവുണ്ടായി. പക്ഷെ, അതിനുശേഷം ആ സ്ഥലംമുഴുവൻ മററു രണ്ടു വ്യക്തികൾക്കു് പതിച്ചുകൊടുത്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇവിടെ മന്ത്രിമാരായിരുന്ന ചില ആളുകളുടെ ചാർച്ചക്കാർക്കാണു് ആ സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതെന്നാണു് എന്റെ അറിവു്. അവരുടെ പേരുകൾ ഞാനിപ്പോൾ പറയുന്നില്ല, വേണമെങ്കിൽ പറയാം.

Shri A. Chidambaranatha Nadar : May I exactly know who those persons are ?

Shri N. Rajagopalan Nair : Shall I say, Sir ?

Mr. Speaker : That need not be answered. As they are ex-Ministers, they are outside the jurisdiction of the House. Decency demands that the names of ex-Ministers who are not able to defend their position in the House should not come before the House for discussion.

ശ്രീ. എൻ. രാജഗോപാലൻ നായർ: ആളുകളുടെ പേരോ അതോ ആ മന്ത്രിമാരുടെ പേരോ ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, പറയാൻ പാടില്ലാത്ത കാര്യങ്ങൾ പറയാമോ ?

Mr. Speaker: If the names are mentioned, that will be prejudicial.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, കാര്യം ഇങ്ങനെയാണ് ഈ അപേക്ഷകർ അപേക്ഷിച്ചിട്ട് അതു കൃഷിക്കു കൊടുക്കാൻ പാടില്ലാത്ത സ്ഥലമാണെന്ന് ഉത്തരവിട്ടു. എന്നാൽ വേറെ ചിലർ ഇതിനായി അപേക്ഷിച്ചു. ആ അപേക്ഷയെ കൺസർവേറ്ററക്ക് അയച്ചു. കൺസർവേറ്ററക്കു നിവൃത്തിയില്ലാതെ വന്നപ്പോൾ ഓരോരുത്തർക്കും ൰ ഏക്കർ വീതം കൊടുക്കാനായി ശുപാർശ ചെയ്തു. എന്നാൽ ഗവണ്മെൻറിൽ നിന്നും ൨൦ ഏക്കർ വീതം പതിച്ചുകൊടുക്കുകയാണ് ചെയ്തതു്. ഇതു് കൺസർവേറ്ററുടെ ശുപാർശയ്ക്കു നേരെ വിപരീതമാണ്. ഇങ്ങനെയാണ് ഇവിടെയുള്ള നടപടികൾ.

ശ്രീ നെടുമങ്ങാട്ട് ആർ. കേശവൻ നായർ: അവരുടെ കൈവശത്തിലാണോ ഈ ഭൂമികൾ?

ശ്രീ. എൻ. രാജഗോപാലൻ നായർ: രണ്ടുകൊല്ലക്കാലമായി അവർ കൈവശം വച്ചുകൊണ്ടിരിക്കുന്നു. അതായതു ഫുഡ് പ്രൊഡക്ഷൻ ബോർഡിൽക്കൂടിവരാതെ ഇതു പതിച്ചുകൊടുത്തതു പാവപ്പെട്ടവർക്കല്ല; പ്രമാണികൾക്കാണ്. അതുപോലെതന്നെ ൩ കൊല്ലക്കാലമായി പറയർ, പുലയർ, വേടർ മുതലായ ആളുകൾ വീടുകെട്ടി താമസിക്കുന്നതിനായി കുറെ സ്ഥലത്തിനപേക്ഷിച്ചു. ഓരോ അപേക്ഷയും ൨ രൂപ വീതം സ്റ്റാമ്പൊട്ടിച്ചാണ് അയച്ചിട്ടുള്ളതു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: புலயர்களானால் நிச்சயமாக அவர்களுக்கு ஸ்டாம்ப் ஒட்ட வேண்டியதில்லை.

ശ്രീ. എൻ. രാജഗോപാലൻ നായർ: പക്ഷെ അവർ ഒട്ടിക്കും. അവർക്കു സ്ഥലം കൊടുത്തില്ലെന്നുമാത്രമല്ല, അവിടെ താമസിച്ചിരുന്ന മററു ചിലരെ ഇറക്കുകയും ചെയ്തു. ഗവണ്മെൻറിന്റെ നിയമം ബാധിക്കുന്നതു് പാവപ്പെട്ടവരെയാണ്. മറെറാരുദാഹരണം പറയാം. ബഹുമാനപ്പെട്ട വാഴൂർ മെംബറിന്റെ നിയോജകമണ്ഡലത്തിനടുത്ത് കങ്ങഴ എന്നൊരു സ്ഥലം ഉണ്ട്. അവിടെ ൪൦ ചേരമർ ക്രിസ്ത്യാനികൾ കുറെ ഭൂമി പതിച്ചുകിട്ടുന്നതിനപേക്ഷിച്ചു. അതു് അവർക്കു നൽകുകയും ചെയ്തു. ആ സ്ഥലം ഇന്നു കുറെ പ്രമാണികൾ ചേർന്നു കയ്യടക്കിവച്ചിരിക്കുകയാണ്. അവർ വളരെക്കാലമായി ആ സ്ഥലം വിട്ടുകിട്ടണമെന്നു അപേക്ഷകൾ അയച്ചുകൊണ്ടിരിക്കുകയാണ്. എന്റെ അറിവ് ശരിയാണെങ്കിൽ അതു വിട്ടുകൊടുക്കണമെന്നു ചീഫ്മന്ത്രി നാലു ഉത്തരവുകൾ ഇട്ടു. പക്ഷെ അവിടത്തെ ലോക്കൽ ആഫീസർമാർ ആ ഉത്തരവിനെ ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ല. ചില ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരിൽ നിന്നുതന്നെ ഇതെനിക്കറിയാം. സ്ഥലം കയ്യിൽ കിട്ടുന്നമെങ്കിൽ പൈസ ചെലവാക്കിയാലെ ഒക്കുകയുള്ളു എന്നു പരസ്യമായി കൈക്കൂലി ചോദിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർക്കു മടിയില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അപ്പോൾ കയ്യടക്കിവച്ചിരിക്കുന്ന സ്ഥലത്തുനിന്നും അവരെ അടിച്ചിറക്കണമെന്നാണോ പറയുന്നതു് ?

ശ്രീ എൻ. രാജഗോപാലൻ നായർ: അടിക്കേണ്ട; പയ്യെ ഇറക്കിയാൽ മതി.

ശ്രീ. എൻ. രാജഗോപാലൻ നായർ: മറെറാരു ഉദാഹരണം, നെടുംപന എന്ന സ്ഥലത്തു വെളിച്ചിക്കാല എന്ന പ്രദേശത്തു് ഏതാണ്ടു് ൨൫൦ ഏക്കറോളം, വിസ്തീർണ്ണമുള്ള ഒരു ഗ്രേസിംഗ് ബ്ലോക്കിന്റെ മൂലയിലായി കുറെ അധഃകൃതവർഗ്ഗക്കാർ താമസിക്കുന്നുണ്ടു്. അതു ഗവണ്മെൻറുവക സ്ഥലമാണു്. അവർ അനധികൃതമായി താമസിക്കുന്നുവെന്നു പറഞ്ഞുകൊണ്ടു് അവരെ കുടിയിറക്കാൻ തയ്യാറായിരിക്കയാണു്. ഏകദേശം നൂറു വീട്ടുകാരോളം വരും. അവർക്കു നിരോധനക്കരമായി ൪൦൦ രൂപ പിഴയിട്ടു. പക്ഷെ അവർക്കു പണമുണ്ടായിരുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിൽ എവിടെയെങ്കിലും അവർക്കു് ഒരിഞ്ചു ഭൂമിയുണ്ടെങ്കിൽ അതിന്മേൽ ഈടാക്കാൻ ഉത്തരവായി. ഒരിഞ്ചുഭൂമിപോലും ഇല്ല എന്നിപ്പോൾ തെളിഞ്ഞിരിക്കയാണു്. എങ്കിലും അവരെ ഇറക്കിവിടാൻ തീരുമാനിച്ചിരിക്കയാണു്. അവരോടു പണം ഈടാക്കുവാൻ സാദ്ധ്യമല്ലാതിരിക്കുന്നുവെന്ന കാരണം പറഞ്ഞു പാർവ്വത്യകാരന്മാർ ലോക്കൽ പോലീസിന്റെ സഹായത്തിനെഴുതി. അവർ വന്നിട്ടും സാദ്ധ്യമായില്ല. ഇപ്പോൾ റിസർവ്വ് പോലീസിന്റെ സഹായത്തോടുകൂടി അവരെ കുടിയിറക്കി വിടാൻ പോവുകയാണു്. ഈ കുടിയിറക്കുപരിപാടികൊണ്ടുള്ള ദോഷം അധികമായി അനുഭവിക്കുന്നവർ ഒരിഞ്ചുഭൂമിപോലും കൈവശമില്ലാത്ത സാധുക്കളാണു്. ആ ദോഷം ധനവാന്മാരെ ബാധിക്കുന്നില്ല. ഇതുപോലെ വ്യക്തമായ പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കുവാൻ കഴിയും. കുടികിടപ്പിനു് സൌകര്യമില്ലാതെ കഷ്ടപ്പെടുന്ന സാധുക്കളെ ഇറക്കിവിടുവാൻ സഹായിക്കുന്നതിനു തുല്യമാണു് ഈ ഗ്രാൻറു് അനുവദിച്ചുകൊടുക്കുന്നതു്. അങ്ങിനെയുള്ള ഒരു സംഗതിക്കായി ഇവിടെ ആവശ്യപ്പെട്ടിട്ടുള്ള തുക അനുവദിക്കുവാൻ പാടില്ലാത്തതാണു്. അതുകൊണ്ടു ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. ചാക്കോ: സർ, ഗവണ്മെൻറുവക സ്ഥലങ്ങളിൽ അനുവാദംകൂടാതെ കുടിയേറി പാർത്തുവരുന്നവരെ ഇറക്കിവിടേണ്ട ആവശ്യത്തിലേയ്ക്കായി കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ചു പല എതിർപ്പുകളും ഇവിടെയുണ്ടായി. ഇത്രത്തോളം രൂപ ചെലവുചെയ്തു പണക്കാരന്റെ കൈവശമുള്ള സർക്കാർഭൂമികൾ ഒഴിപ്പിച്ചെടുക്കുകയാണെങ്കിൽ നല്ലതുതന്നെ. നേരെമറിച്ചു കയറിക്കിടക്കുവാൻ ഭൂമിയില്ലാത്ത സാധുക്കളായ അവശസമുദായക്കാർ കുടിയേറിപ്പാർത്തു വരുന്ന സ്ഥലങ്ങളിൽനിന്നു് അവരെ ഇറക്കിവിടുവാൻ നിയമം പ്രയോഗിക്കേണ്ട ആവശ്യത്തിലേയ്ക്കാണു് ഈ സംഖ്യ വിനിയോഗിക്കുന്നതെങ്കിൽ അതു് ഏററവും കഷ്ടതരമായിരിക്കുമെന്നു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട പത്തനാപുരം മെമ്പർ ശ്രീ. രാജഗോപാലൻനായർ പറഞ്ഞതുപോലെ കുടിയിറക്കിനെ സംബന്ധിച്ചു പല ഉത്തരവുകളും ഉണ്ടായി. ഈ അടുത്തകാലത്തു പല സ്ഥലങ്ങളിൽനിന്നും സാധുക്കളെ കുടിയിറക്കി വിടുന്നുണ്ടെന്നുള്ളതു് ശരിയാണു്. സാധുക്കളെ കുടിയിറക്കി വിടുന്നകാര്യത്തിൽ ഇത്തരം നടപടി എടുത്തുകാണുന്നതു് തികച്ചും ശരിയല്ലെന്നു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു.

ദേവികുളത്തു വണ്ടൻമേട്ടു് റിക്ലമേഷൻ സ്കീം അനുസരിച്ചു് അന്നു് ഫുഡ് പ്രൊഡക്ഷൻ ചെയർമാനായിരുന്ന ശ്രീ. ഇക്കണ്ടവാര്യർ

ആചർക്കും ഏകദേശം പതിനായിരം കുടുംബക്കാരെ അവിടെ താമസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും, അതു സംബന്ധിച്ച വിവരങ്ങൾ ഗസററിൽ പരസ്യംചെയ്യുകയുമുണ്ടായി. ഗവണ്മെൻറ് അന്ന് അധികൃതമായി ആർഡർ ഒന്നും കൊടുത്തില്ലെങ്കിലും അവക്കായി നീക്കിവച്ച ആ സ്ഥലത്തു വളരെ അധികം സാധുക്കളെ കുടിയേറി പാക്കുന്നതിനു് അനുവദിച്ചിട്ടുണ്ടു്. ഇപ്പോൾ അവിടെനിന്നും അവരെ കുടിയിറക്കുവാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നതായി അറിയുന്നു. ഈ നാട്ടിലെ പണക്കാരായ ആളുകൾ കയ്യേററം ചെയ്തിട്ടുള്ള ഭൂമികളിൽനിന്നു് അവരെ ഒഴിപ്പിക്കേണ്ട ആവശ്യത്തിനാണു് ഈ ൫൦,൦൦൦ രൂപ ആവശ്യപ്പെടുന്നതെങ്കിൽ ഞാൻ ഇതിനെ ആത്മാത്ഥമായി സ്വാഗതംചെയ്യുന്നു. നേരെ മറിച്ചു് ഒരു സെൻറുഭൂമിപോലും കൈവശമില്ലാതെ, കേറിക്കിടക്കുവാൻ സ്ഥലമില്ലാതെ വിഷമിക്കുന്ന പട്ടിണിപ്പാവങ്ങളായ സാധുക്കളെ ഇറക്കിവിടുവാൻവേണ്ടിയാണു് ഈ സംഖ്യ വിനിയോഗിക്കുന്നതെങ്കിൽ അതു വളരെകഷ്ടതരമായ ഒരു നടപടിയായിരിക്കുമെന്നു ഗവണ്മെൻറിനെ ഒരിക്കൽക്കൂടി അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഗവണ്മെൻറിൻെറ അനുവാദത്തോടുകൂടി പ്രവേശിച്ചു കുടിപാത്തുവരുന്ന ആളുകൾ ഈ ധനാഭ്യത്ഥനയെ ബാധിക്കുമെന്നാണോ ബഹുമാനപ്പെട്ട മെംബർ വിശ്വസിക്കുന്നതു് ?

ശ്രീ. പി. ചാക്കോ: വണ്ടൻമേട്ടിൽ കുടിപാത്തുവരുന്ന സാധുക്കളെ വീടും കുടിയും ഉപേക്ഷിച്ചു നിരാധാരരായി അലഞ്ഞുതിരിയത്തക്കവണ്ണം ഇറക്കിവിടാതെ അവർ പാത്തുവരുന്ന സ്ഥലം അവക്കുതന്നെ പതിച്ചുകൊടുക്കുവാനുള്ള ഒരു പദ്ധതി ഗവണ്മെൻറിൽ നിന്നും രൂപീകരിക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

ദേവികുളം താലൂക്കിൽ രാജാക്കാട്ടു് എന്ന സ്ഥലത്തു് ഫുഡ് പ്രൊഡക്ഷൻ സ്കീം അനുസരിച്ചു് അനേകം പാവപ്പെട്ട അവശസമുദായക്കാർ, അവശസമുദായ ക്രിസ്ത്യാനികളും അവശസമുദായത്തിൽപ്പെട്ട ഹിന്ദുക്കളും ഉൾപ്പെടെ നാനൂറോളം കുടുംബക്കാർ, കുടിയേറിപാത്തുവരുന്നുണ്ടു്. ദേവികുളം കമ്മീഷണരായിരുന്ന ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ളയുടെ വാങ്മൂലമായ ഉത്തരവനുസരിച്ചാണു് വനം വെട്ടിത്തെളിച്ചു് ആ സ്ഥലങ്ങൾ ഒരു വിധം വാസയോഗ്യമാക്കി കൃഷിയും മററും ചെയ്തു് അവർ അവിടെ താമസിച്ചുതുടങ്ങിയതു്. ചേത്തല താലൂക്കിൽനിന്നും ഭൂരഹിതരായ ഒട്ടധികം ആളുകളും, മൂവാററുപുഴ, തൊടുപുഴ മുതലായ സ്ഥലങ്ങളിലുള്ള അനേകം അവശസമുദായക്കാരും അവിടെപ്പോയിതാമസിക്കുന്നുണ്ടു്. അവിടെ ആനയുടെ ഉപദ്രവം ധാരാളമുണ്ടെങ്കിലും അതെല്ലാം സഹിച്ചുകൊണ്ടാണു് അവർ കഴിച്ചുകൂട്ടുന്നതു്. അങ്ങിനെ താമസിച്ചുവരുന്ന സാധുക്കളെയെല്ലാം ഇറക്കിവിടുന്നതിനു് ഈ പണം ഉപകരിക്കണമെന്നുള്ളതാണു് ഗവണ്മെൻറിൻെറ ഉദ്ദേശമെങ്കിൽ അതു വളരെ കഷ്ടമാണു്.

മൂവാററുപുഴ താലൂക്കിൽ കുട്ടമംഗലം പകുതിയിൽ മന്നാംകണ്ടം എന്ന സ്ഥലത്തു ൩൦൦ ഏക്കർ സ്ഥലം കാളനി സ്ഥാപിക്കുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്നും നീക്കിവച്ചിട്ടുണ്ടു്. അവിടെ അവശസമുദായ ക്രിസ്ത്യാനികളും അവശസമുദായ ഹിന്ദുക്കളും പ്രവേശിച്ചു്, വളരെ യോജിച്ചു സമാധാനപരമായ നിലയിലാണു് കഴിഞ്ഞുകൂടുന്നതു്. അവശസമുദായക്കാരുടെ കുടിപാർപ്പിനു സ്ഥലം പതിച്ചുകൊടുക്കുവാനുദ്ദേശിച്ച

[ശ്രീ. പി. ചാക്കോ]

ഗവണ്മെൻറ നീക്കിവച്ചിട്ടുള്ള സ്ഥലമാണതു്. ഭൂമിയില്ലാത്തവരെല്ലാം മതഭേദംകൂടാതെ അവശസമുദായക്കാർ എന്ന പ്രമാണത്തിൽ ഉൾപ്പെട്ടവരായിരിക്കെ അവശസമുദായക്രിസ്ത്യാനികളായ പ്രവേശനക്കാരെ കുടിയിറക്കി വിടുവാനുള്ള പരിശ്രമം അവശോദ്ധാരണഡിപ്പാർട്ടുമെൻറധികൃതർ ചെയ്തുവരുന്നതായി അറിയുന്നു. അവർ മതപരിവർത്തനംചെയ്യുങ്കിൽ മാത്രമേ അവിടെ സ്ഥലം കൊടുക്കുകയുള്ളുവെന്നു പറയുന്നു.

ശ്രീ ടി. ടി. കേശവൻ ശാസ്ത്രി: ഹരിജനകാളനികളിൽ മതഭേദം കൂടാതെ, പിന്നാക്കസമുദായത്തിൽ പെട്ടവരെയെല്ലാം താമസിപ്പിച്ചു പോരുന്നുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. പി. ചാക്കോ: ക്രിസ്ത്യാനികളായ പിന്നാക്കസമുദായക്കാർ താമസിക്കുന്നുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ.

ശ്രീ. ടി ടി. കേശവൻ ശാസ്ത്രി: മിക്ക കാളനികളിലും ഉണ്ടു്.

ശ്രീ. പി. ചാക്കോ: എന്നാൽ ഈ ഗവണ്മെൻറ ഇപ്പോൾ മറെറാരു നടപടി സ്വീകരിക്കുവാൻ പോകുന്നതിനെ സംബന്ധിച്ചുമാത്രമേ ഞാൻ ഇവിടെ പറഞ്ഞുള്ളു. കാർത്തികപ്പള്ളിത്താലൂക്കിൽ ചെറുതന പകുതിയിൽ ഒരു തുറവപുറമ്പോക്കിൽ കുറെ ആളുകൾ കഴിഞ്ഞ പത്തുവർഷക്കാലമായി പുരവച്ചു താമസിക്കുന്നുണ്ടു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഒരിക്കൽ ആ സ്ഥലം സന്ദർശിച്ചിട്ടുണ്ടു്. അങ്ങനെ അവർ സ്വപ്രയത്നം ചെയ്തു പത്തുകൊല്ലത്തോളമായി താമസിച്ചുവരുന്ന സ്ഥലത്തു നിന്നും അവരെ ഇറക്കിവിടുന്നതിനു് ഉത്തരവായിട്ടുണ്ടു്. അതുപോലെ തന്നെ കുട്ടനാടൻപ്രദേശങ്ങളിൽ അവശസമുദായത്തിൽപ്പെട്ട ഒട്ടനേകം സംഖ്യക്കാർ ഗവണ്മെൻറുവക പുറമ്പോക്കു സ്ഥലങ്ങളിൽ പുരവച്ചു താമസിക്കുന്നുണ്ടു്. ലാൻറ് കൺസർവെൻസി ആക്ടനുസരിച്ചു ഗവണ്മെൻറിൽനിന്നും ആ കേസ്സെടുത്തശേഷം സ്ഥലം കുത്തകപ്പാട്ടമായി കൊടുക്കാവുന്നതാണു്. അവരെ ഇറക്കിവിടുന്നതിനുകൂടി നിയമം ബാധകമാക്കി ഇറക്കിവിടുകയാണെങ്കിൽ വളരെ കഷ്ടമായിരിക്കുമെന്നും, നേരെ മറിച്ചു ഗവണ്മെൻറുവക ഭൂമി, അനധികൃതമായി കയ്യേററംചെയ്തിട്ടുള്ള പണക്കാരെ ഇറക്കിവിടുന്നതിനു ബാധകമാക്കിയാൽ നന്നായിരിക്കുമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കൊച്ചുകുഞ്ഞു്: സർ, എനിക്കു് ഇതിനെപ്പററി ഒരൊററ കാര്യം മാത്രമാണു് പറയാനുള്ളതു്. ബഹുമാനപ്പെട്ട പത്തനാപുരം മെംബർ ഇവിടെ പ്രസ്താവിച്ചപോലെ ഇന്നു് ഈ രാജ്യത്തു് കുടിയിറക്കു് സാർവ്വത്രികമായിത്തീർന്നിരിക്കുകയാണു്. കുടിയിറക്കു നിരോധിച്ചിരിക്കുകയാണെന്നു് ബഹുമാനപ്പെട്ട റവന്യൂമന്ത്രിതന്നെ ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു്. പ്രസ്താവനയുടെ വെളിച്ചത്തിൽ ഇവിടെ നടന്നുവരുന്നതു് പാവപ്പെട്ടവൻെറ പള്ളക്കുകൂടിയാണു്. എൻെറ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന, എനിക്കു് നേരിട്ടു അറിയാവുന്ന ഒരു കാര്യം ഞാൻ ഇവിടെ പറയാം. വെട്ടിക്കവല പകുതിയിൽ ൨൦, ൨൫ കൊല്ലമായി കുറെ പാവപ്പെട്ട ആളുകൾ കുടിയേറിപ്പാർത്തു് വളരെ ദേഹണ്ഡമൊക്കെ ചെയ്തു് കുറെ സ്ഥലം വളരെ പരിപുഷ്ടമാക്കിത്തീർത്തു ആ സ്ഥലത്തുനിന്നു് അവരെ ഇന്നു കുടിയിറക്കി വിട്ടിരിക്കുകയാണു്. അതേ സമയത്തു് അതിനു പ്രേരണനൽകിയതിൽ ചിലർ അധികാരസ്ഥാനങ്ങളെ സമീപിച്ചു് സ്റ്റേ

ഓർഡർ വാങ്ങി; അതിൽ പ്രമാണികളായ ആളുകൾ ഇന്നും അവിടെ താമസിച്ചുവരികയാണു്. ൨൦, ൨൫ കൊല്ലം അവിടെ താമസിച്ചു് വളരെ ദേഹണ്ഡങ്ങളൊക്കെ ചെയ്ത പാവപ്പെട്ട കുറെ ആളുകളെ ഒരു സെൻറ ഭൂമിപോലും ഇല്ലാതെ അവിടെനിന്നു ഇറക്കിവിട്ടു അതിനെ സംബന്ധിച്ചു് ഗവണ്മെൻറിനു അനേകം അപേക്ഷകൾ കൊടുത്തിട്ടുണ്ടു്. പക്ഷെ അതിനു യാതൊരു നിവാരണമാർഗ്ഗവും ഇന്നത്തെ ഗവണ്മെൻറ് നൽകിയിട്ടില്ല. അതുകൊണ്ടു് ഞാൻ പറയുന്നു ഈ രാജ്യത്തു അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളായ പാവപ്പെട്ടവരെ തീററിപ്പോററുവാൻ യാതൊരു നടപടിയും ഗവണ്മെൻറ എടുക്കാതിരിക്കുന്നിടത്തോളം കാലം, അവർക്കു ഭൂമിയില്ലാത്തിടത്തോളം കാലം, അവർക്കു കേറിക്കിടക്കുവാൻ ഒരു ചെററപ്പുരവെച്ചു് കെട്ടുവാൻവേണ്ട സൌകര്യം ഉണ്ടാക്കികൊടുക്കാതിരിക്കുന്നിടത്തോളംകാലം ആ പാവപ്പെട്ടവരുടെ കണ്ണുനീരിനു ഇവിടത്തെ മന്ത്രിസഭ സമാധാനം പറഞ്ഞേമതിയാകുകയുള്ളു എന്നു്. ഗവണ്മെൻറിൻെറ ഈ നയങ്ങളെല്ലാം കടൽവക്കത്തു് നാശം വന്നു് അടിഞ്ഞുകിടക്കുന്ന പലകകൾ പോലെയാണു്. ഇതു പാവപ്പെട്ടവനെ അന്യായമായിട്ടും നിർദ്ദയമായിട്ടും ഒതുക്കുവാൻ വേണ്ടി കാട്ടിക്കൂട്ടുന്ന ഒരു അടവല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇന്നു കുടിയിറക്കുനിരോധനം ഇവിടെ നിലവിലുള്ളപ്പോൾ അനേകം പാവപ്പെട്ടവരെ കുടിയിറക്കുന്നുണ്ടു്. ഇതു എനിക്കു നേരിട്ടു അറിയാവുന്ന ഒരു കാര്യമാണു്. ഒന്നു രണ്ടു അപേക്ഷകൾ തയ്യാറാക്കി ഞാൻ ബഹുമാനപ്പെട്ടമന്ത്രിയുടെ അടുത്തു കൊടുത്തിട്ടുണ്ടു്. അതിനെപ്പററി ശരിയായവിധം അന്വേഷണം നടത്തുവാനും ഈ രാജ്യത്തെ അദ്ധ്വാനിക്കുന്നവനു് ഒരു സെൻറ ഭൂമി പോലും കൊടുക്കുവാനും ഇവിടത്തെ അധികാരികൾ ശ്രദ്ധിക്കുന്നില്ല. പാവപ്പെട്ടവരെ കുടിയിറക്കുന്നു; അവരുടെ ദേഹണ്ഡങ്ങൾ നഷ്ടപ്പെടുത്തുന്നു; അവരെ രക്ഷിക്കണമെന്നു പറഞ്ഞു് അധികൃതസ്ഥാനത്തു് പരാതിപ്പെട്ടാൽ അതിനു യാതൊരു കേൾപ്പോരും കേൾവിയും ഇല്ല. അതുകൊണ്ടു ഞാൻ പറയുന്നതു് ഈ അമ്പതിനായിരം രൂപ ഇവിടെ കുടിയിറക്കിനു വേണ്ടി കൊണ്ടുവന്നിട്ടുള്ളതു് യഥാർത്ഥത്തിൽ പാവപ്പെട്ടവനു നന്മചെയ്യുവാനല്ല; ഇവിടത്തെ ജന്മിമുതലാളിത്വത്തെ താലോലിക്കുവാൻ വേണ്ടി മാത്രമാണു് എന്നാണു്. ഒരു സെൻറ ഭൂമിപോലുമില്ലാത്ത പാവപ്പെട്ടവനാണു് ഈ രാജ്യത്തെ അദ്ധ്വാനിക്കുന്നവനെന്നും, അവനാണു് ഈ രാജ്യത്തെ സമ്പത്തെന്നും, അവനാണു് ഈ രാജ്യത്തിൻെറ നട്ടെല്ലെന്നും ഉള്ള പരമാർത്ഥം അധികാരശക്തികൾ മനസ്സിലാക്കേണ്ടകാലം ഇതാണു്. അതുകൊണ്ടു് ഈ പാവപ്പെട്ടവർക്കു ഒരു സെൻറ ഭൂമിയെങ്കിലും കൊടുക്കുന്നതിനു് ഇവിടത്തെ മന്ത്രിസഭ അല്ലെങ്കിൽ, ഇവിടത്തെ അധികാരശക്തി ശ്രമിക്കണമെന്നുള്ള അഭ്യർത്ഥന ഞാൻ അവരുടെ മുമ്പിൽ വെയ്ക്കുകയാണു് ചെയ്യുന്നതു്. അതോടൊപ്പം ഞാൻ ഈ സപ്ലിമെൻററി ഗ്രാൻറിനെ എതിർക്കുകയും ചെയ്യുന്നു.

Shri A. Thanu Pillai: It is really a very urgent and serious matter that is now under consideration by this House. Sir, the whole matter of land occupation has become very complicated in the State. The main reason for it is, Sir, indefinite and vacillating policy pursued by the Government during the last few years. Adding to it, a good deal of favouritism has been

[Shri A. Thanu Pillai]

shown in the matter of land assignment and land occupation. No one can deny it. What is it that the Government has been doing during the past two or three years. They want large areas to be assigned to their supporters. That is a very strange practice. I myself had occasion to see large areas in forest lands despoiled because the Government encouraged it. Of course I don't want to mention names but the Minister in charge of Land at that time, I was forced to conclude, was privy to acts of vandalism in the forest areas. Now the result is that there has been a lot of unauthorised occupation of forest areas. Very many persons who owned large areas of land already were encouraged to trespass upon Government lands, and they are in possession of such lands. Large areas have been brought under occupation that way. That is one side of the thing. At the same time Government have been holding out promises to landless people that they would be provided with land at least for occupation. It appears that Government even took a census of persons who had no lands. Now that promise is still here and the Government have not been able to implement that promise to any extent. Now Sir, these things have to be tackled. One side of the House is against this Grant because they fear that this Demand, if granted, will affect the landless and the poor. The rich and influential persons who are in unauthorised occupation will, somehow, get out of the clutches of the law. This morning—I may be excused if I mention that—some people from Vandanmedu came to me. They told me that they were in possession—each one of them—of one acre of "chathuppu" land fit for cultivation along with a few acres of dry land. And I was also told that in Vandenmedu there were large areas of such lands which were under occupation. In respect of some areas, it appears that the Food Production Board under Mr. Ikkanda Varrier and the officer there Mr N. S. Krishna Pillai held out hopes for occupation. Some notices were published in the papers inviting applications for entry into such lands which the people took to be invitations to them. These people who met me also told me that this was the case with respect to a portion of the Vandanmedu area. And, a few miles removed from this area, in the same pakuthy there are large tracts of land under unauthorised occupation by people. If the Government or their agents have, in any way, given inducement to persons to enter upon land in the name of food production and if this is true, it should be taken into account in dealing with those who made such unauthorised occupations. Such unauthorised occupations should, by no means, be countenanced. All unauthorised occupations should be removed. But the Government have given real inducement to the people to enter and that should be taken into account. At the same time, in regard to really landless people, eventhough law has been violated by them, I appeal for the consideration of Government that they should be allowed to occupy the land provided the area is

reasonable and the land is not otherwise required for Government purposes or for public purposes or for purposes of conservation of forests. If a landless person occupies land which the Government could not see their way to allow him to occupy he must be given some other suitable land. I go to this extent, Sir, regarding this concession because there are large numbers of landless people who in fact have been promised at least house sites. All these must be taken into consideration. I am not for advocating any violation of law or giving any inducement for the continuance of violation of law, but real poverty and real failure of people to get house sites and land necessary for cultivation, all these must be taken into account in dealing with these matters. Law should be enforced, otherwise there is no safety. Now, Sir, as I have mentioned on a previous occasion Government have allowed people to occupy certain lands within the Trivandrum City itself. In Kunnukuzhi and Thampanoor we have colonies formed by unauthorised occupations. Now you want Rs. 50,000 for eviction. How did you allow these unauthorised occupations within the city itself? Why don't you give them suitable lands for occupation? On the sides of the Barton Hill you find hundreds of huts coming up. A few days ago I had occasion to go there. The road is almost encroached upon. I think one of the Ministers is living there. Under his very nose this is being committed. How do the Government justify that? I don't blame the people. Some of the occupants sell their houses even. These people should be provided with-house sites in some other suitable land. The site allotted should be well demarcated and they must be shown how to build houses. We can't afford to make any part of the City dirty and insanitary. These people should be well—protected and taken care of. At the same time, no lands should be encroached upon by people who want to make money or make their estate bigger and bigger. Sir, there is a good deal of opposition particularly from this side to the Demand. The reason is that they fear that this allotment will help Government in evicting poor landless people to the benefit of the big landholder who may also be an unauthorised occupier.

Shri A. Chidambaranatha Nadar: If the hon. Member can point out one single instance where a poor landless person was evicted to help a big landholder Government will take immediate action on that.

Shri A. Thanu Pillai: I can't do it. It is not my business. It is not enough if I point out one instance for Mr. Nadar to take action upon. It is not that. It is a general question. In Neyyattinkara, I was told that if a poor man enters upon a few cents of land to do cultivation the Proverthicar evicts him but if a man of influence enters upon 50 or 100 acres and occupies nobody disturbs him. That is very strange fact. As has been referred to in this House people should be abided by law in this matter but at the same time all possible indulgence should be shown to the poor who are really landless.

3 P. M.]

ஸ்ரீ. கணபதி: ஸார், Land Revenue Demand சம்பந்தமாக பல மெம்பர்களும் சில அபிப்பிராயங்களுடன் பேசினார்கள். ஆனால் பின்னேக்கம் அடைந்தவர்களை விட பல நூறு மடங்கு பின்னேக்கமடைந்தவர்களான மலைஜாதியாருடைய நிலையைப்பற்றி இச்சபையில்கூறவில்லை. இந்த மலைஜாதியர்களுக்கு இச்சபையில் ஒரு ஸ்தானம் ஒதுக்கவேண்டும் என்று தேர்தலுக்கு முன்பாக கவர்ன்மெண்ட் அறிக்கைகள் வந்ததாகக் கேள்விப்படுகிறேன். என்ன காரணத்தால் ஒதுக்கவில்லை என்று தெரியவில்லை. இருந்தாலும் அவர்களின் நிலைமையைப்பற்றி ஒன்றிரண்டு வாக்குகள் தெரிவிக்க உத்தேசித்திருக்கிறேன்.

மன்னான் கண்டத்தில் சில வருஷங்களுக்கு முன்பு 300 ஏக்கர் மலைஜாதியாருக்கு ஒதுக்கப்பட்டிருந்தது. இப்பொழுது அப்பிரதேசத்தில் நாட்டிலிருந்து சென்றவர்கள் பிரவேசித்துக் கொண்டு இவர்களை விரட்டிவிட்டார்கள். இன்னும் இவர்கள் மாறிக்கொண்டுபோகிற இடமெல்லாம் பின்தொடர்ந்து விரட்டிக்கொண்டு போகிறார்கள். பொதுவாக சர்க்கார் உத்தரவின்றி பிரவேசித்தவர்களை குடியிறக்க வேண்டுமென்ற செலவுக்காக இந்த 52000 ரூபாய் ஒதுக்கப்பட்டிருக்கிறது. ஆனால் இந்த செலவில்லாமலும், சர்க்காருக்குத்தெரியாமலும் குடிபிறக்கப்பட்டுவருவதை கவனிக்கவேண்டும். சாந்தம்பாறை பகுதியில் 20 ஏக்கர் குடி என்ற பிரதேசம் இருக்கிறது. அங்கு முதுவான்கள் நெல் பயிரிட்டு, கண்களுக்கு குளிர்ச்சியாய் எங்கு பார்த்தாலும் பச்சைநிறமாய் இருந்தது. அந்த சாகுபடியைக்கூட முதுவான்களுக்கு எடுத்துக்கொள்ள அவகாசம் கொடுக்காமல் நாட்டுப்புறத்திலிருந்து ஜனங்கள் அதன் பக்கத்தில் பிரவேசித்து பின் படிப்படியாக அந்த வருஷத்திலேயே முதுவான்களை விரட்டிவிட்டார்கள்.

மஹாராஜா ஆட்சிகாலத்தில் மலைஜாதியாருக்கு ஒரு நபருக்கு 3 ஏக்கர் பூமி வீதம் சௌஜன்யமாக பதித்துக்கொடுக்கப்பட்டது. அந்தக்காலத்தில் முதுவான்களுடைய பூமியை யாராவது எடுத்தால் அன்று திவானாயிருந்த ஸார் ஸி. பி. அவர்கள் உடனே நடவடிக்கை எடுத்து, முதுவான்களுக்கு நியாயம் வழங்கப்பட்டு வந்தது. அதுவுமன்றி மலைஜாதியார் விஷயத்தில் ஸார் ஸி. பி ராமஸ்வாமிஐயர் மிகவும் அக்கறையாய் இருந்ததாகக் கேள்விப்படுகிறோம். ஸார் ஸி. பி. உத்திரவின்படி பக்கத்து எஸ்டேட் வைத்திருக்கும் ஐரோப்பியர்

கள் கூட மலைஜாதியாருக்கு பல உதவியும் செய்துவந்தார்கள். ஆனால் அது இன்று கிடையாது.

இந்த மூன்று ஏக்கர் பூமி, சௌஜன்யமாக எத்தனை பேர்களுக்கு கொடுக்கப்பட்டிருப்பது என்று சர்க்கார் ரிக்கார்டைப் பரிசீலனை செய்து பார்த்தால் தெரியும். ஆனால் 75 சதமானமுள்ள மலைஜாதியாரிடத்தில் அந்த நிலங்கள் இருக்காது என்று கூறுகிறேன். இந்த ரிக்கார்டுகளை, (Special Officer) பிரத்தியேக ஆபீஸர் ஒருவரை ஏற்படுத்தி பரிசீலனை செய்யவேண்டும்.

அடுத்தபடியாக வண்டமேடு பாகத்தில் ஏராளமானவர்களை குடியிறக்கும் விஷயம். இதை கண்டிப்பாய் வெகு சிரத்தையுடன் கவனிக்கவேண்டும். சர்க்கார் உத்தரவின்றி குடியேறியவர்களை குடியிறக்கவேண்டும். ஆனால் குடியிறக்கினால் அவர்கள் வேறு வீடுகளிலோ குடிசைகளிலோ போய் தங்கவோ, அல்லது படுக்கவோ நிலம் இருக்கிறதா என்று தீர ஆலோசித்துப் பார்க்கவேண்டும். அதிலும் பெரும்பாலும் ஹரிஜனங்களுக்கு நிலம் கிடையாது; அவர்களுக்கு நாட்டிலும் இடமிருக்காது. அப்பேர்பட்டவர்களுக்கு பிரத்தேக சலுகை அளிக்கவேண்டும். மற்றும் உதாரணமாக சிலர் பலருடைய பெயர்களில் மனுசெய்து நிலம் வாங்கியிருப்பார்கள். பலர்களுடைய பெயரிலும் சர்க்காருக்கு கிஸ்தி வரி முதலியவைகளும் கொடுத்துவருவார்கள். ஆனால் குறிப்பாக சிலரை எடுத்துக்கொண்டால் வண்டமேட்டிலும் இருக்கமாட்டார்கள். நாட்டிலும் இருக்கமாட்டார்கள், ஆனால் எமலோகத்திலிருப்பார்கள் என்று நினைக்கிறேன். அப்பேர்பட்டவர்களை உடனடியாக இறக்குவதோடு அல்லாமல் தக்க நடவடிக்கையும் சர்க்கார் எடுக்கவேண்டும்.

மற்றும் நமது ராஜ்யத்தில் பணக்காரர்களையும், கம்பெனிகளையும் எடுத்துக்கொண்டும் சாதாரண ஏழைகளையும் எடுத்துக்கொண்டும் சீர்தூக்கிப் பார்த்தால் ஏழைகளுக்கு 1 சதமானங்கூட நிலம் இருக்காது என்றுதான் நம்புகிறேன். அப்படி நிலம் குறைவாயிருப்பவர்களுடைய நிலங்களும் பணக்காரர்களால் அபகரிக்கப்பட்டு வருகிறது. எப்படியென்றால் 100 ஏக்கர் உள்ள பணக்காரருடைய நிலத்தின் பக்கத்தில் 2, 3, 4, 5 ஏக்கர் வைத்து பல சாதாரணக்காரர்கள் வாழ்ந்து வந்தால், அப்படிப்பட்டவர்களுக்குத்தெரியும் உண்மை நிலை. சில வருஷங்களில் 100 ஏக்கருடைய உடமஸ்தர்களுக்கு 200, 250 ஏக்கராவும், பக்கத்திலுள்ள சாதாரணக்காரர்களுக்கு அறவே நிலம் இல்லாமல் ஆக்கப்பட்டு வருவதும் யாவருக்கும் தெரியும்; இச்சபையிலுள்ள எல்லோரும் மறுக்கமாட்டார்கள். இதுசம்பந்தப்பட்ட மந்திரி அவர்களை மறுக்க முடியாது. ஆகையால் இதை எல்லாம் பரிசீலனை செய்துதான் ஒரு முடிவுக்கு வரவேண்டும். பாவப்பட்டவர்களுக்கு பிரத்தேக சலுகையோ அல்லது இக்குடியிறக்கிலிருந்து விதிவிலக்கோ செய்யவேண்டும்.

உடனடியாக மலைஜாதியாருடைய காரியத்தில் பாரஸ்ட் டிப்பார்ட்மென்டு மூலமாக உடனடியாக நடவடிக்கை எடுத்து எவ்வளவு

[ஸ்ரீ. கணபதி]

